**ഭാരതീയ റിസർവ്വ് ബാങ്ക്**
**www.rbi.org.in**

RBI/2019-20/01
DCM (FNVD) No.G-1/16.01.05/2019-20 ജൂലായ് 01, 2019

ചെയർമാൻ /മാനേജിങ് ഡയറക്ടർ/ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ
എല്ലാ ബാങ്കുകളും/
എല്ലാ സംസ്ഥാന ട്രെഷറി ഡയറക്റ്റർമാർക്കും

പ്രിയപ്പെട്ട സർ/ മാഡം

**മാസ്റ്റർ സർക്കുലർ - വ്യാജ കറൻസി നോട്ടുകൾ കണ്ടെത്തലും ജപ്തി ചെയ്യലും**

വ്യാജ കറൻസി നോട്ടുകൾ കണ്ടെത്തലും ജപ്തി ചെയ്യലും എന്ന വിഷയത്തിൽ 2018 ജൂലായ് 02 വരെയുള്ള നിർദ്ദേശങ്ങൾ സമാഹരിച്ചു കൊണ്ട് 2018 ജൂലായ് 02ന് പുറപ്പെടുവിച്ചിട്ടുള്ള DCM (FNVD) No.G-1/16.01.05/ 2018-19 നമ്പർ മുഖ്യ സർക്കുലർ ദയവായി കാണുക. നാളിതു വരെയുള്ള നിർദ്ദേശങ്ങൾ കൂടി പ്രസ്തുത മുഖ്യ സർക്കുലറിൽ ഉൾപ്പെടുത്തുകയും അത് ഭാരതീയ റിസർവ്വ് ബാങ്കിന്റെ വെബ് സൈറ്റായ www.rbi.org.in ൽ ചേർക്കുകയും ചെയ്തിട്ടുണ്ട്.

മേൽവിഷയത്തിൽ റിസർവ് ബാങ്ക് പുറപ്പെടുവിച്ചിട്ടുള്ളതും ഈ സർക്കുലർ തീയതിയിൽ പ്രാബല്യത്തിലുള്ളതുമായ നിർദ്ദേശങ്ങളുടെ സമാഹരണമാണ് ഈ മുഖ്യ സർക്കുലർ.

വിശ്വസ്തതയോടെ

(മനാസ് രൻജൻ മൊഹന്തി)
ചീഫ് ജനറൽ മാനേജർ

ഉള്ളടക്കം. മുഖ്യ സർക്കുലർ

## വിഷയ സൂചിക

ഉള്ളടക്കം


| ഖണ്ഡിക നം | വിശദാംശങ്ങൾ |
|---|---|
| 1 | വ്യാജ കറൻസി നോട്ടുകൾ കണ്ടുകെട്ടുവാൻ അധികാരമുള്ളവർ |
| 2 | വ്യാജ കറൻസി നോട്ടുകൾ കണ്ടെത്തൽ |
| 3 | വ്യാജ കറൻസി നോട്ടുകൾ അധീനതയിൽ വയ്ക്കൽ |
| 4 | നോട്ട് നൽകിയ ആൾക്ക് രസീത് നൽകൽ |
| 5 | വ്യാജ കറൻസി നോട്ടുകൾ കണ്ടെത്തൽ - പോലീസിനെയും ബന്ധപ്പെട്ട മറ്റുള്ളവരെയും അറിയിക്കൽ |
| 6 | ബാങ്ക് നോട്ടുകൾ ഇഷ്യൂ ഓഫിസുകളിൽ അടയ്ക്കുന്നതിനും ATM ൽ നിറയ്ക്കുന്നതിനും കൗണ്ടറിൽകൂടി വിതരണം ചെയ്യുന്നതിനും മുൻപായി നടത്തേണ്ട പരിശോധന |
| 7 | നിയുക്ത ഏകോപന ബാങ്ക് ഓഫീസർ |
| 8 | ബാങ്കുകളുടെ കേന്ദ്ര ഓഫീസുകളിൽ കള്ളനോട്ട് വിജിലൻസ് സെൽ സ്ഥാപിക്കൽ |
| 9 | അൾട്രാ വയലറ്റ് വിളക്കുകളും മറ്റടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കൽ |
| 10 | റിസർവ് ബാങ്കിനും സർക്കാരിനും വിവരം നൽകൽ |
| 11 | പോലീസ് അധികാരികളിൽ നിന്നും ലഭിച്ചിട്ടുള്ള കള്ള നോട്ടുകളുടെ സംരക്ഷണം |
| 12 | കള്ള നോട്ട് കണ്ടു പിടിക്കാൻ ജീവനക്കാർക്കുള്ള പരിശീലനം |
| | അനുബന്ധം I |
| | അനുബന്ധംII |
| | അനുബന്ധംIII |
| | അനുബന്ധംIV |
| | അനുബന്ധംV |
| | അനുബന്ധംVI |
| | അനുബന്ധംVII |
| | അനുബന്ധംVIII |

**ഭാരതീയ റിസർവ് ബാങ്ക്**
**കറൻസി മാനേജ് മെൻറ്റ് വിഭാഗം**
**മുഖ്യ സർക്കുലർ 2019 -20**

## കള്ള നോട്ടുകൾ കണ്ടു പിടിക്കലും അധീനതയിൽ വയ്ക്കലും

## ഖണ്ഡിക 1- കള്ള നോട്ടുകൾ അധീനതയിൽ വയ്ക്കുവാൻ അധികാരം ഉള്ളവർ

കള്ള നോട്ടുകൾ അധീനതയിൽ വയ്ക്കുവാൻ

(i) എല്ലാ ബാങ്കുകൾക്കും

(ii) ട്രഷറികൾക്കും സബ് ട്രഷറികൾക്കും

(iii) റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസുകൾക്കും അധികാരമുണ്ട്.

## ഖണ്ഡിക 2 - കള്ള നോട്ട് കണ്ടു പിടിക്കൽ

കൗണ്ടറിൽ ഹാജരാക്കുന്ന ബാങ്ക് നോട്ടുകളുടെ വിശ്വാസ്യത പരിശോധനാ യന്ത്രങ്ങൾ വഴി ഉറപ്പാക്കണം

അതുപോലെ, കറൻസി ചെസ്റ്റിലും അല്ലാതെയും നേരിട്ട് മൊത്തമായി ലഭിക്കുന്ന ബാങ്ക് നോട്ടുകളും യന്ത്ര പരിശോധനയ്ക്കു വിധേയമാക്കണം.

കൗണ്ടറിലോ ഓഫീസിലോ/ ചെസ്റ്റിലോ കണ്ടെത്തുന്ന കള്ളനോട്ടുകളെ സംബന്ധിച്ച് ഇടപാടുകാരന്റെ അക്കൗണ്ടിൽ യാതൊരു വരവ് വക്കലും ഉണ്ടാകരുത്. യാതൊരു കാരണവശാലും ബാങ്കുകളും ബാങ്ക് ശാഖകളും ട്രഷറികളും കള്ള നോട്ടുകൾ നശിപ്പിക്കുവാനോ ഹാജരാക്കുന്നവർക്കു തിരിച്ചു നല്കുവാനോ പാടുള്ളതല്ല. വ്യാജ നോട്ടുകൾ അധീനതയിൽ സൂക്ഷിക്കുന്നതിൽ വീഴ്ച വരുത്തുന്ന ബാങ്കുകൾക്ക് അവ മനഃപൂർവം പ്രചരിപ്പിക്കുന്നതിൽ പങ്കുള്ളതായി കരുതപ്പെടുകയും പിഴ ചുമത്തപ്പെടുകയും ചെയ്യുന്നതാണ്.

## ഖണ്ഡിക 3 - വ്യാജ കറൻസി നോട്ടുകൾ അധീനതയിൽ സൂക്ഷിക്കൽ

കള്ളനോട്ടുകളെന്നു തീരുമാനിക്കപ്പെടുന്ന നോട്ടുകളിൽ 'കള്ളനോട്ട്' എന്ന് മുദ്ര കുത്തപ്പെടുകയും അവ നിർദിഷ്ട രൂപരേഖയിൽ (അനുബന്ധം I) ചേർത്ത് സൂക്ഷിക്കപെടുകയും വേണ്ടതാണ്. അത്തരം എല്ലാ നോട്ടുകളും ഒരു പ്രത്യേക രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## ഖണ്ഡിക 4 - നോട്ട് നൽകിയ ആൾക്ക് രസീത് നൽകൽ

ബാങ്ക് ശാഖയുടെ കൗണ്ടറിലോ ഓഫീസിലോ/ ചെസ്റ്റിലോ ട്രഷറിയിലോ സമർപ്പിക്കുന്ന നോട്ടുകൾ വ്യാജമാണെന്ന് മനസ്സിലായാൽ **ഖണ്ഡിക 3** ൽ സൂചിപ്പിച്ചിട്ടുള്ള പ്രകാരം മുദ്ര കുത്തേണ്ടതും ഹാജരാക്കുന്ന ആൾക്ക് അനുബന്ധം II ൽ കൊടുത്തിട്ടുള്ള രൂപത്തിൽ രസീത് നൽകേണ്ടതുമാണ്. ക്രമ നമ്പറോട് കൂടി കൊടുക്കുന്ന ഈ രസീതുകൾ കാഷ്യറും നോട്ട് നൽകിയ ആളും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. പൊതുജനങ്ങളുടെ അറിവിലേക്കായി ഇക്കാര്യം വിശദീകരിക്കുന്ന നോട്ടീസ് വേണ്ടത്ര പ്രാധാന്യം നൽകി ഓഫീസുകളിലും ശാഖകളിലും പ്രദർശിപ്പിക്കേണ്ടതാണ്. നോട്ട് നൽകിയ ആൾ ഒപ്പിടാൻ വിസമ്മതിച്ചാലും രസീത് നൽകേണ്ടതാണ്.

## ഖണ്ഡിക 5 - വ്യാജ നോട്ടുകൾ കണ്ടെത്തൽ - പോലീസിനെയും ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളെയും അറിയിക്കൽ

കള്ളനോട്ടുകൾ കണ്ടെത്തിയ കാര്യം പോലീസിനെ അറിയിക്കുമ്പോൾ താഴെ പറയുന്ന നടപടിക്രമം പാലിക്കേണ്ടതാണ്.

ഒറ്റ ഇടപാടിൽ നാലു വ്യാജനോട്ടുകൾ വരെ കണ്ടുപിടിക്കുന്ന കേസുകളിൽ ഏകോപന ബാങ്ക് ഓഫീസർ വ്യാജ നോട്ടുകൾ സഹിതം അനുബന്ധം III ൽ കൊടുത്തിരിക്കുന്ന രൂപത്തിലുള്ള ഒരു സമാഹൃത റെക്കോർഡ് മാസാവസാനം പോലീസ് അധികാരികൾക്കോ ഏകോപന പോലീസ് സ്റ്റേഷനിലേക്കോ അയച്ചിരിക്കണം.

ഒറ്റ ഇടപാടിൽ അഞ്ചോ അതിൽ കൂടുതലോ വ്യാജനോട്ടുകൾ കണ്ടുപിടിക്കുന്ന കേസുകളിൽ എഫ്ഐആർ (FIR) ഫയൽ ചെയ്ത് അന്വേഷണം നടത്തുന്നതിന് വേണ്ടി ഏകോപന ബാങ്ക് ഓഫീസർ വ്യാജ നോട്ടുകൾ അനുബന്ധം IV ൽ കൊടുത്തിരിക്കുന്ന രൂപത്തിൽ ഉടൻ തന്നെ തദ്ദേശ പോലീസ് അധികാരികൾക്കോ ഏകോപന പോലീസ് സ്റ്റേഷനിലേക്കോ അയച്ചിരിക്കണം.

ഓരോ മാസത്തേയും സമാഹൃത റിപ്പോർട്ടിന്റെ/ FIR ന്റെ പകർപ്പ് ബാങ്കുകൾ അവരുടെ കള്ളനോട്ട് വിജിലൻസ് സെല്ലിലേക്കും ട്രെഷറികൾ ബന്ധപ്പെട്ട റിസർവ് ബാങ്കിന്റെ ഇഷ്യൂ ഓഫീസിലേക്കും അയച്ചു കൊടുക്കേണ്ടതാണ്.

പൊലീസിന് അയച്ചുകൊടുക്കുന്ന നോട്ടുകൾക്കുള്ള കൈപ്പറ്റു ചീട്ട് വാങ്ങി സൂക്ഷിക്കേണ്ടതാണ്. തപാൽ മാർഗം ഇൻഷുർ ചെയ്ത് പൊലീസിന് അയക്കുന്ന കള്ള നോട്ടുകളുടെ കൈപ്പറ്റുചീട്ട് നിർബന്ധമായും വാങ്ങി രേഖയായി സൂക്ഷിക്കേണ്ടതാണ്. പോലീസ് അധികാരികളിൽ നിന്നും കൈപ്പറ്റു ചീട്ട് ലഭിക്കുന്നതിന് ശരിയായ തുടർ നടപടികൾ ആവശ്യമാണ്. മാസം തോറും കൊടുക്കുന്ന സമാഹൃത വിവരങ്ങൾ സ്വീകരിക്കുന്നതിനോ FIR ഫയൽ ചെയ്യുന്നതിനോ പോലീസ് വിസമ്മതിക്കുന്ന പക്ഷം കള്ള നോട്ട് അന്വേഷണത്തിനായുള്ള പോലീസ് വിഭാഗത്തിലെ നിയുക്ത ഏകോപന ഓഫീസറുടെ സഹായത്തോടെ പ്രശ്നം പരിഹരിക്കേണ്ടതാണ്. ഏകോപന പോലീസ് സ്റ്റേഷനുകളുടെ പട്ടിക റിസർവ് ബാങ്കിന്റെ ബന്ധപ്പെട്ട പ്രാദേശിക ഓഫിസിൽ നിന്നും ലഭ്യമാകുന്നതാണു്.

കള്ളനോട്ട് പ്രചരിപ്പിക്കുന്നതിന് പ്രോത്സാഹനം നൽകുന്ന വ്യക്തികളെ തിരിച്ചറിയുന്നതിനായി നോട്ടിടപാടുകൾ നടക്കുന്ന ഇടങ്ങളിലും കൗണ്ടറുകളിലും ബാങ്കുകൾ CCTV നിരീക്ഷണം ഏർപ്പെടുത്തേണ്ടതും അത് രേഖപെടുത്തി സൂക്ഷിക്കേണ്ടതുമാണ്

ബാങ്കുകൾ അത്തരം നിരീക്ഷണങ്ങളിലൂടെയുള്ള കണ്ടെത്തലുകളുടെ മാതൃകകളും പ്രവണതകളും ഒപ്പം അവയിലെ സംശയകരമായ മാതൃകകളും പ്രവണതകളും റിസർവ് ബാങ്കിനെയും പോലീസ് അധികാരികളെയും അപ്പപ്പോൾ അറിയിക്കേണ്ടതാണ്.

വ്യാജ നോട്ട് കണ്ടെത്തൽ, പോലീസിനും റിസർവ് ബാങ്കിനും റിപ്പോർട്ട് ചെയ്യൽ എന്നീ പ്രവർത്തനങ്ങളുടെ പുരോഗതി, അതുമായി ബന്ധപ്പെട്ട മറ്റു പ്രശ്നങ്ങൾ എന്നീ കാര്യങ്ങൾ സംസ്ഥാന തല ബാങ്കേഴ്സ് കമ്മിറ്റി (SLBC), കറൻസി മാനേജ്മെന്റ് സ്ഥിരം സമിതി (SCCM), സംസ്ഥാന തല സുരക്ഷാ സമിതി (SLSC) തുടങ്ങിയ വിവിധ സംസ്ഥാന തല സമിതികളിൽ പതിവായി ചർച്ച ചെയ്യേണ്ടതുണ്ട്.

ബാങ്ക് ശാഖകളിലും ട്രഷറികളിലും ഇന്ത്യൻ വ്യാജ നോട്ടുകൾ കണ്ടെത്തുന്നതിന്റെ വിവരങ്ങൾ മാസവിവരപത്രികയിൽ ഉൾപ്പെടുത്തി താഴെ ഖണ്ഡിക 10 ൽ പറഞ്ഞിരിക്കുന്ന പ്രകാരം റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസിന് അയച്ചു കൊടുക്കേണ്ടതാണ്.

ഇന്ത്യൻ ശിക്ഷാ നിയമത്തിലെ കള്ളനോട്ടിന്റെ നിർവചനത്തിൽ വിദേശ സർക്കാരുകൾ വിതരണം ചെയ്യുന്ന കറൻസി നോട്ടുകളും ഉൾപ്പെടുന്നു. പോലീസ്, സർക്കാർ ഏജൻസികൾ തുടങ്ങിയവരിൽ നിന്നും അഭിപ്രായം അറിയാനായി ലഭിക്കുന്ന സംശയമുള്ള വിദേശ കറൻസി നോട്ടുകൾ CBI യുടെ ന്യൂഡൽഹിയിലെ ഇന്റർപോൾ വിഭാഗത്തിന് മുൻകൂട്ടി ആലോചിച്ചതിനു ശേഷം അയച്ചുകൊടുക്കുവാൻ അവരെ അറിയിക്കേണ്ടതാണ്.

1967 ലെ നിയമവിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിന് (UAPA) കീഴിൽ ഭാരത സർക്കാർ ഉന്നത ഗുണ നിലവാരമുള്ള വ്യാജ ഇന്ത്യൻ കറൻസി കുറ്റങ്ങളുടെ അന്വേഷണചട്ടങ്ങൾ, 2013 രൂപപ്പെടുത്തിയിട്ടുണ്ട്. നിയമത്തിന്റെ പട്ടിക 3 ൽ ഉന്നത ഗുണനിലവാരമുള്ള വ്യാജ ഇന്ത്യൻ കറൻസി നോട്ടിന്റെ നിർവചനം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം വ്യാജകറൻസിയുടെ നിർമാണം, കള്ളക്കടത്ത്, പ്രചരിപ്പിക്കൽ എന്നീ പ്രവർത്തനങ്ങൾ UAPA , 1967 ന് കീഴിൽ കൊണ്ടുവന്നിട്ടുണ്ട്.

## ഖണ്ഡിക 6 - കൗണ്ടറുകളിൽ കൂടി വിതരണം നടത്തുന്നതിനും ATM ൽ നിറയ്ക്കുന്നതിനും റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസിൽ ഒടുക്കുന്നതിനും മുൻപ് ബാങ്ക് നോട്ടുകൾ പരിശോധിക്കൽ

വിശ്വാസ്യത ഉറപ്പിക്കുന്ന യന്ത്ര പരിശോധന നടത്താതെ നൂറിനും അതിനു മുകളിലും ഉള്ള കറൻസി നോട്ടുകൾ പുനർവിനിമയത്തിനായി നൽകുന്നില്ല എന്ന് ഉറപ്പാക്കുവാൻ ബാങ്കുകൾ അവരുടെ പണമിടപാടുകൾ ക്രമീകരിക്കേണ്ടതാണ്. ഈ നിർദ്ദേശം ദിവസവും ലഭിക്കുന്ന നോട്ടുകളുടെ എണ്ണത്തിന്റെ വ്യാപ്തി കണക്കിലെടുക്കാതെ എല്ലാ ശാഖകൾക്കും ബാധകമാണ്. ഇതിന്റെ ഏതുതരത്തിലുള്ള ലംഘനവും റിസർവ് ബാങ്കിന്റെ 2009 നവംബർ 19 ലെ 3158/09.39.00(പോളിസി)/2009-10 എന്ന അനുശാസനത്തിന്റെ ലംഘനമായി കണക്കാക്കുന്നതാണ്.

ATM വഴിയുള്ള കള്ളനോട്ട് വ്യാപനം തടയുന്നതിനായി മതിയായ സുരക്ഷാ നടപടികളും/ പരിശോധനകളും ATM ൽ നോട്ട് നിറയ്ക്കുന്നതിനു മുൻപ് നിർബന്ധമായും നടത്തിയിരിക്കണം. ATM വഴി വിനിമയ ശൃംഖലയിൽ കള്ള നോട്ട് എത്തുന്നു എങ്കിൽ അത് കള്ളനോട്ട് പ്രചരിപ്പിക്കുന്നതിന് ബന്ധപ്പെട്ട ബാങ്കിന്റെ ഭാഗത്തുനിന്നുള്ള ശ്രമമാണെന്ന നിഗമനത്തിൽ എത്തുന്നതായിരിക്കും.

ചെസ്റ്റ് ബ്രാഞ്ചുകളിൽ നിന്നുള്ള പണം ഒടുക്കുകളിൽ കള്ളനോട്ടുകൾ കണ്ടെത്തിയാൽ അത് കള്ളനോട്ട് പ്രചരിപ്പിക്കുന്നതിന് ബന്ധപ്പെട്ട ചെസ്റ്റ് ബ്രാഞ്ചുകളുടെ മനഃപൂർവശ്രമമായി കണക്കാക്കുകയും പോലീസ് അധികാരികളുടെ പ്രത്യേക അന്വേഷണം ഉണ്ടാകുകയും കൂടാതെ ചെസ്റ്റിന്റെ പ്രവർത്തനത്തിന് വിലക്ക് ഏർപ്പെടുത്തുകയും ചെയ്യുന്നതാണ്.

താഴെ പറയുന്ന സാഹചര്യങ്ങളിൽ വ്യാജ നോട്ടുകളുടെ സാങ്കല്പിക മൂല്യത്തിന് തുല്യമായ നഷ്ടം വസൂലാക്കുന്നതിനു പുറമെ അത്രയും തുകയ്ക്കുള്ള പിഴയും ചുമത്തുന്നതായിരിക്കും.

(a) മുഷിഞ്ഞ നോട്ടുകൾ ഒടുക്കുന്നതിൽ കള്ളനോട്ടുകൾ കണ്ടെത്തിയാൽ

(b) റിസർവ് ബാങ്കിന്റെ പരിശോധന/ ആഡിറ്റ് സമയത്തു് കറൻസി ചെസ്റ്റ് നീക്കിയിരുപ്പിൽ കള്ളനോട്ടുകൾ കണ്ടെത്തുമ്പോൾ

2019 മാർച്ച് 7 ലെ DPSS.CO.OD.നം.1916/06.07.011/2018-19 പ്രകാരം കറൻസി കൈകാര്യം ചെയ്യൽ, ATM ന് വേണ്ടിയുള്ള സൈബർ സുരക്ഷാ ചട്ടക്കൂട് എന്നിവ സംബന്ധിച്ച് ബാങ്കുകൾക്ക് ബാധകമായിട്ടുള്ള എല്ലാ മാർഗനിർദ്ദേശങ്ങളും സുരക്ഷാ/ നിയന്ത്രണ നടപടികളും നിലവാരങ്ങളും WLA ഓപറേറ്റേഴ്സിനും ബാധകമാണ്.

## ഖണ്ഡിക 7 - ഏകോപന ബാങ്ക് ഓഫീസറെ നാമനിർദ്ദേശം ചെയ്യൽ

ഓരോ ബാങ്കും ജില്ലാ അടിസ്ഥാനത്തിൽ ഒരു ഏകോപന ബാങ്ക് ഓഫീസറെ നിയോഗിക്കേണ്ടതും അക്കാര്യം റിസർവ് ബാങ്കിന്റെ പ്രാദേശിക ഓഫീസിനെയും പോലീസ് അധികാരികളെയും അറിയിക്കേണ്ടതുമാണ്. ഖണ്ഡിക 5 ൽ പറഞ്ഞിട്ടുള്ള പ്രകാരം കള്ളനോട്ട് കണ്ടെത്തിയതിന്റെ റിപ്പോർട്ട് ചെയ്യൽ ഏകോപന ബാങ്ക് ഓഫീസർ മുഖേനെ ആയിരിക്കണം. കള്ളനോട്ട് കണ്ടെത്തലുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങൾക്കുമുള്ള സമ്പർക്കബിന്ദു കൂടിയായി ഏകോപന ഓഫീസർ പ്രവർത്തിക്കേണ്ടതാണ്.

## ഖണ്ഡിക 8 - ബാങ്കിന്റെ കേന്ദ്ര ഓഫീസിൽ വ്യാജനോട്ട് ജാഗ്രതാ സെൽ സ്ഥാപിക്കൽ

താഴെ പറയുന്ന പ്രവൃത്തികൾ നിർവഹിക്കുന്നതിനായി ഓരോ ബാങ്കും അതിന്റെ കേന്ദ്ര ഓഫീസിൽ ഒരു വ്യാജ നോട്ട് ജാഗ്രതാ സെൽ (FNV CELL) സ്ഥാപിക്കേണ്ടതാണ്.

i വ്യാജനോട്ടുകളെ സംബന്ധിച്ച് റിസർവ് ബാങ്ക് പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾ ബാങ്കിന്റെ ശാഖകളിൽ എത്തിയ്ക്കൽ, ഈ നിർദ്ദേശങ്ങൾ നടപ്പിൽ വരുത്തുന്നത് നിരീക്ഷിക്കൽ, നിലവിലുള്ള നിർദ്ദേശങ്ങൾക്കനുസൃതമായി വ്യാജകറൻസിയെ കുറിച്ചുള്ള വിവരങ്ങൾ ക്രോഡീകരിച്ച് റിസർവ് ബാങ്ക്, FIU-IND, നാഷണൽ ക്രൈം റെക്കാർഡ്സ് ബ്യൂറോ (NCRB) എന്നിവർക്ക് സമർപ്പിക്കൽ, വ്യാജനോട്ടുകളെ സംബന്ധിച്ചുള്ള നടപടികളെ കുറിച്ച് പോലീസിനോട്/ നിയുക്ത ഏകോപന ഓഫീസറോടുള്ള തുടരന്വേഷണം, എന്നിവ.

ii ഇപ്രകാരം സമാഹരിച്ച വിവരങ്ങൾ ബാങ്കിന്റെ CVO യുമായി പങ്കു വയ്ക്കൽ, ഒപ്പം കൗണ്ടറുകൾ വഴിയുള്ള വ്യാജ കറൻസി കൈപ്പറ്റലും വിതരണവും സംബന്ധിച്ച് അവർക്കു റിപ്പോർട്ട് ചെയ്യൽ

iii നോട്ടുകളുടെ എണ്ണത്തിൽ കുറവ്/ ന്യൂനതയുള്ള നോട്ടുകൾ/ വ്യാജ നോട്ടുകൾ തുടങ്ങിയവ ശ്രദ്ധയിൽ പെട്ടിട്ടുള്ള കറൻസി ചെസ്റ്റുകളിൽ കാലികമായി മിന്നൽ പരിശോധന നടത്തൽ

iv എല്ലാ കറൻസി ചെസ്റ്റുകളിലും/ ബാക്ക് ഓഫീസുകളിലും ഉചിത ശേഷിയുള്ള നോട്ട് തരംതിരിക്കൽ യന്ത്രത്തിന്റെ പ്രവർത്തനം ഉറപ്പാക്കൽ, കള്ളനോട്ട് തിരിച്ചറിയൽ പ്രവർത്തനം സൂക്ഷ്മമായി നിരീക്ഷിക്കൽ, അതിന്റെ രേഖകൾ സൂക്ഷിക്കൽ, ശരിയായ വിധം തരംതിരിച്ച, യന്ത്രപരിശോധനയ്ക്കു വിധേയമാക്കപ്പെട്ട നോട്ടുകൾ മാത്രമേ ATM ൽ നിറയ്ക്കുന്നുള്ളൂ എന്നും കൗണ്ടറുകളിൽകൂടി വിതരണം ചെയ്യുന്നുള്ളൂ

എന്നും ഉറപ്പാക്കൽ, നോട്ടുകൾ കൊണ്ടുപോകുമ്പോഴും പരിശോധനസമയത്തും മിന്നൽ പരിശോധന അടക്കമുള്ള മതിയായ സുരക്ഷാ വ്യവസ്ഥ ഉറപ്പാക്കൽ.

FNV സെൽ മുകളിൽ പറഞ്ഞ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള സ്ഥിതി കാണിയ്ക്കുന്ന ത്രൈമാസിക റിപ്പോർട്ടുകൾ 14 ദിവസത്തിനകം ചീഫ് ജനറൽ മാനേജർക്ക് (കറൻസി മാനേജ്മെന്റ് വിഭാഗം, റിസർവ് ബാങ്ക് ഓഫ് ഇന്ത്യ, കേന്ദ്ര ഓഫീസ്, അമർ ബിൽഡിംഗ്, ഫോർട്ട്, മുംബൈ 400001) അയച്ചു കൊടുക്കുകയോ ഇ-മെയിൽ ചെയ്യുകയോ വേണ്ടതാണ്. ഒപ്പം ബന്ധപ്പെട്ട റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസിലേക്കും ഇ-മെയിൽ ആയി അയച്ചിരിക്കണം. അച്ചടിച്ച റിപ്പോർട്ട് അയക്കേണ്ടതില്ല

FNV സെല്ലുകളുടെ മേൽവിലാസം പുതുക്കുന്നതിനായി ഓരോ വർഷവും ജൂലൈ 1 ന് പ്രസക്ത വിവരങ്ങൾ അനുബന്ധം V ന്റെ രൂപത്തിൽ ഇ-മെയിൽ ആയി റിസർവ് ബാങ്കിന് അയച്ചിരിക്കണം. അച്ചടിച്ച റിപ്പോർട്ട് അയക്കേണ്ടതില്ല.

## ഖണ്ഡിക 9 - അൾട്രാ വയലറ്റ് വിളക്കുകളും മറ്റടിസ്ഥാന സൗകര്യങ്ങളും ലഭ്യമാക്കൽ

കള്ള നോട്ടുകൾ കണ്ടെത്തൽ സുകരമാക്കുന്നതിനായി എല്ലാ ബാങ്ക് ശാഖകൾക്കും/ ബാക്ക് ഓഫീസുകൾക്കും അൾട്രാ വയലറ്റ് വിളക്കുകളും/ യോജിച്ച മറ്റു ബാങ്ക് നോട്ട് തരംതിരിക്കൽ/ തിരിച്ചറിയൽ യന്ത്രങ്ങളും നൽകി അവ സജ്ജീകരിച്ചിരിക്കണം. കൂടാതെ എല്ലാ കറൻസി ചെസ്റ്റ് ശാഖകൾക്കും പ്രത്യേക പ്രക്രിയകൾക്കും തരംതിരിക്കലിനും ഉള്ള യന്ത്രങ്ങൾ ലഭ്യമാക്കേണ്ടതും അവയുടെ പരമാവധി ശേഷി പ്രയോജനപ്പെടുത്തേണ്ടതുമാണ്. അത്തരം യന്ത്രങ്ങൾ റിസർവ് ബാങ്കിന്റെ 'നോട്ട് പ്രാമാണീകരിയ്ക്കൽ, ക്ഷമത, തരം തിരിക്കൽ മാനദണ്ഡങ്ങൾ' സംബന്ധമായ മാർഗ്ഗരേഖയുമായി പൊരുത്തപ്പെടുന്നവയായിരിക്കണം.

ബാങ്കുകൾ ദിവസവും നോട്ട് തരംതിരിയ്ക്കൽ യന്ത്രങ്ങളിൽ കൂടി പരിശോധിച്ച നോട്ടുകളുടെയും അവയിൽ കണ്ടെത്തിയ കള്ളനോട്ടുകളുടെയും രേഖ സൂക്ഷിക്കേണ്ടതാണ്.

പൊതുജനങ്ങളുടെ ഉപയോഗത്തിനായി കൗണ്ടറിൽ കുറഞ്ഞത് ഒരു എണ്ണൽയന്ത്രമെങ്കിലും (ദ്വിമുഖ പ്രദർശന സൗകര്യമുള്ള) ലഭ്യമാക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.

## ഖണ്ഡിക 10 - RBI, NCRB, FIU-IND എന്നിവർക്ക് വിവരങ്ങൾ റിപ്പോർട്ട് ചെയ്യൽ

ബാങ്കിന്റെ എല്ലാ ശാഖകളും കണ്ടു പിടിച്ച കള്ളനോട്ടുകളുടെ വിവരങ്ങൾ മാസ അടിസ്ഥാനത്തിൽ നിർദിഷ്ട രൂപത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. അനുബന്ധം VI ൽ കാണിച്ചിരിക്കുന്ന വിധത്തിലുള്ള ഓരോ മാസത്തേയും അത്തരം വിശദ വിവരങ്ങൾ അടങ്ങിയ ഒരു സമാഹൃത റിപ്പോർട്ട് അടുത്ത മാസം 7 ന് മുൻപായി റിസർവ് ബാങ്കിന്റെ ബന്ധപ്പെട്ട ഇഷ്യൂ ഓഫീസിൽ എത്തിക്കേണ്ടതാണ്. വ്യാജ നോട്ടുകൾ കണ്ടെത്താത്ത മാസങ്ങളിൽ 'ഇല്ല' (NIL) റിപ്പോർട്ട് അയച്ചിരിക്കണം.

2013 ലെ കള്ളപ്പണം വെളുപ്പിക്കൽ തടയൽ (രേഖകൾ സൂക്ഷിക്കൽ) ഭേദഗതി ചട്ടങ്ങളിലെ ചട്ടം 8(1) ന് കീഴിൽ ആവശ്യപ്പെട്ടിട്ടുള്ള പ്രകാരം ബാങ്കുകളിലെ

പ്രിൻസിപ്പൽ ഓഫീസർമാർ കള്ളനോട്ടുകൾ കണ്ടെത്തുന്ന പണമിടപാടുകളുടെ കാര്യം അടുത്തമാസം 15 ഓടുകൂടി ഡയറക്ടർ, FIU-IND, ഫിനാൻഷ്യൽ ഇന്റലിജൻസ് യൂണിറ്റ്(ഇന്ത്യ) ഹോട്ടൽ സമ്രാട്, ചാണക്യപുരി, ന്യൂഡൽഹി-110021 എന്നിവർക്ക് FINnet പോർട്ടലിൽ അപ്‌ലോഡ് ചെയ്ത് അയക്കേണ്ടതാണ്. അതുപോലെ കള്ളനോട്ട് കണ്ടെത്തൽ വിവരങ്ങൾ നാഷണൽ ക്രൈം റെക്കോർഡ്സ് ബ്യൂറോ, ന്യൂഡൽഹിയുടെ വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യേണ്ടതുമാണ്.

## ഖണ്ഡിക 11 - പോലീസ് അധികാരികളിൽ നിന്നും ലഭിക്കുന്ന കള്ളനോട്ടുകളുടെ സംരക്ഷണം

പോലീസ് അധികാരികളിൽ/ കോടതികളിൽ നിന്നും തിരികെ കിട്ടുന്ന കള്ളനോട്ടുകൾ ബാങ്കിന്റെ സൂക്ഷിപ്പിൽ സുരക്ഷിതമായി വയ്ക്കേണ്ടതും അതിന്റെ രേഖ ബന്ധപ്പെട്ട ശാഖ സൂക്ഷിക്കേണ്ടതുമാണ്. ബാങ്കിന്റെ FNV സെൽ അത്തരം നോട്ടുകളുടെ ശാഖാ അടിസ്ഥാനത്തിലുള്ള രേഖയും സൂക്ഷിക്കേണ്ടതാണ്.

ഈ വ്യാജ നോട്ടുകൾ ബന്ധപ്പെട്ട ബാങ്ക് ഓഫീസിന്റെ തലവൻ അർദ്ധ വാർഷിക അടിസ്ഥാനത്തിൽ (31 മാർച്ച്/ 30 സെപ്റ്റംബർ) പരിശോധന നടത്തണം. അവ പോലീസ് അധികാരികളിൽ നിന്നും കൈപ്പറ്റിയ ശേഷം 3 വർഷം സൂക്ഷിക്കേണ്ടതാണ്. അതിനുശേഷം അവ ബന്ധപ്പെട്ട റിസർവ് ബാങ്ക് ഇഷ്യൂ ഓഫീസിലേക്ക് വിശദ വിവരങ്ങൾ സഹിതം അയക്കേണ്ടതാണ്.

വ്യാജ നോട്ട് കേസുകളിൽ ഉൾപ്പെട്ട നോട്ടുകൾ കോടതിക്കേസ് കഴിഞ്ഞു മൂന്നു വർഷത്തേക്ക് അതാത് ബാങ്ക് ശാഖകളിൽ സൂക്ഷിക്കേണ്ടതാണ്

## ഖണ്ഡിക 12 - കള്ളനോട്ട് കണ്ടുപിടിയ്ക്കൽ- ജീവനക്കാർക്കുള്ള പരിശീലനം

ബാങ്കുകളിലും ട്രഷറി/ സബ് ട്രഷറികളിലും പണം കൈകാര്യം ചെയ്യുന്ന ഉദ്യോഗസ്ഥർ ബാങ്ക് നോട്ടിന്റെ സുരക്ഷാ സവിശേഷതകൾ നന്നായി അറിയുന്നവരാണെന്ന് ഉറപ്പു വരുത്തണം

ബാങ്ക് ശാഖയിലെ ഉദ്യോഗസ്ഥരെ ബോധവാന്മാരാക്കുന്നതിനായി എല്ലാ ബാങ്ക് നോട്ടുകളുടെയും രൂപകൽപ്പനയും സുരക്ഷാ സവിശേഷതകളും (അനുബന്ധം VII) എല്ലാ ബാങ്കുകൾക്കും ട്രഷറികൾക്കും വിതരണം ചെയ്തിട്ടുണ്ട്. ഇവ പൊതുജന അറിവിലേക്കായി പ്രാധാന്യത്തോടെ ശാഖകളിൽ പ്രദർശിപ്പിക്കാനും നിർദ്ദേശിച്ചിട്ടുണ്ട്. ശാഖകളിൽ പ്രദർശിപ്പിക്കുവാൻ 2005-2006 പരമ്പരയിൽ പെട്ട നോട്ടുകളുടെ പോസ്റ്ററുകളും ബാങ്ക് ശാഖകൾക്ക് നൽകിയിട്ടുണ്ട്. പുതിയ രൂപമാതൃകയിലുള്ള രൂപ 2000, 500, 200, 100, 50, 20, 10 നോട്ടുകളുടെ സുരക്ഷാ സവിശേഷതകളുടെ വിശദാംശങ്ങൾ https://www.paisaboltahai.rbi.org.in എന്ന ലിങ്കിൽ ലഭിക്കുന്നതാണ്.

മറ്റു ബാങ്ക് നോട്ടുകളുടെ വിശദാംശങ്ങളും മുകളിൽ കൊടുത്ത ലിങ്കിൽ 'Know your Banknotes' ന് കീഴിൽ ലഭ്യമാണ്.

വ്യാജ നോട്ടുകൾ സ്വീകരിക്കുന്നിടത്തു വച്ച് തന്നെ തിരിച്ചറിയുവാൻ കഴിയുന്നതിനായി കൺട്രോളിങ് ഓഫീസുകളും പരിശീലനകേന്ദ്രങ്ങളും കൂടി ഉദ്യോഗസ്ഥർക്ക് ബാങ്ക് നോട്ടുകളുടെ സുരക്ഷാ സവിശേഷതകളെപ്പറ്റി

പരിശീലനപരിപാടികൾ സംഘടിപ്പിക്കുകയും/ നടത്തുകയും വേണം. പണം കൈകാര്യം ചെയ്യുന്ന എല്ലാ ബാങ്കുദ്യോഗസ്ഥരും യഥാർത്ഥ ഇന്ത്യൻ ബാങ്ക് നോട്ടുകളുടെ സവിശേഷതകൾ മനസ്സിലാക്കുന്നതിന് പരിശീലനം ലഭിച്ചവരാണെന്നു ബാങ്കുകൾ ഉറപ്പു വരുത്തണം. ഈ പരിശീലന പരിപാടിയിൽ കള്ളനോട്ടുകൾ കണ്ടുപിടിക്കൽ, അധീനതയിൽ സൂക്ഷിക്കൽ, റിപ്പോർട്ട് ചെയ്യൽ എന്നീ കാര്യങ്ങൾ നിശ്ചയമായും ഉൾപെട്ടിരിക്കണം. റിസർവ് ബാങ്കും ഈ പരിശീലന പരിപാടികൾക്ക് വേണ്ട സഹായം നൽകുന്നതാണ്.

**അനുബന്ധം I**
**(ഖണ്ഡിക 3)**

വിവിധ സുരക്ഷാ സവിശേഷതകളും മാനദണ്ഡങ്ങളും പരിശോധിച്ച് കള്ളനോട്ടാണെന്നു തീരുമാനിച്ച ഓരോ ബാങ്ക് നോട്ടിലും "COUNTERFEIT BANK NOTE" എന്ന് മുദ്ര കുത്തണം. ഇതിനായി 5 cm X 5 cm വലുപ്പത്തിൽ താഴെക്കൊടുത്തിരിക്കുന്ന അന്തർലിഖിതത്തോടുകൂടിയ ഒരു മുദ്ര ഉപയോഗിക്കേണ്ടതാണ്.

| |
|---|
| വ്യാജ ബാങ്ക് നോട്ട് പിടിച്ചെടുത്തിരിയ്ക്കുന്നു<br><br>ബാങ്ക്/ ട്രഷറി/ സബ്ട്രഷറി<br>ശാഖ/ കറൻസി ചെസ്റ്റ്<br>ഒപ്പ്<br>തീയതി |

**അനുബന്ധം II**
**(ഖണ്ഡിക 4)**

**രൂപരേഖ - കള്ളനോട്ട് ഹാജരാക്കുന്ന ആൾക്ക് നൽകേണ്ട കൈപ്പറ്റുചീട്ട്**

ബാങ്കിന്റെ/ ട്രഷറിയുടെ/ സബ്-ട്രഷറിയുടെ പേര് :
മേൽവിലാസം:
രസീതിന്റെ ക്രമ നം:.-------------------
തീയതി:---------------------------------------------
താഴെ വിവരിക്കുന്ന ....................................ൽ നിന്നും (നോട്ട് നൽകിയ ആളിന്റെ പേരും വിലാസവും) സ്വീകരിച്ച നോട്ട്/ നോട്ടുകൾ വ്യാജമാകുന്നു എന്നതിനാൽ അവ പിടിച്ചെടുക്കുകയും അപ്രകാരം മുദ്ര കുത്തപ്പെടുകയും അധീനതയിൽ സൂക്ഷിക്കപെടുകയും ചെയ്യിരിക്കുന്നു.

| വ്യാജമാണെന്ന് കരുതുന്ന നോട്ടിന്റെ സീരിയൽ നം | മൂല്യം | വ്യാജമാണെന്ന് കരുതാൻ ആശ്രയിച്ച മാനദണ്ഡങ്ങൾ |
|---|---|---|
| | | |
| | | |
| | | |
| | | |
| | | |

കള്ളനോട്ടുകളുടെ ആകെ എണ്ണം :

(നോട്ട് നൽകിയ ആളിന്റെ ഒപ്പ്) (കൗണ്ടർ ഉദ്യോഗസ്ഥന്റെ ഒപ്പ്)

(ഓഫീസ് മുദ്ര)

**അനുബന്ധം III**
**(ഖണ്ഡിക 5)**
**തീയതി: --------------**

ബാങ്കിന്റെ പേര്:
ജില്ല:
ഏകോപന ബാങ്ക് ഓഫീസറുടെ പേരും മേൽവിലാസവും:
സൂചന നം. ------------------------------

പോലീസ് ഇൻസ്പെക്ടർ
............................പോലീസ് സ്റ്റേഷൻ

**...........................മാസത്തെ സമാഹൃത റിപ്പോർട്ട്**

വ്യാജ നോട്ടുകളുടെ വിശദ വിവരങ്ങൾ:

| **കണ്ടെത്തിയ തീയതി** | **ശാഖയുടെ കറൻസി ചെസ്റ്റിന്റെ പേര്** | **ഹാജരാക്കിയ ആളിന്റെ വിശദ വിവരങ്ങൾ** | **മൂല്യം /എണ്ണം /സീരിയൽ നം** | **ലംഘിക്കപ്പെട്ട സുരക്ഷാ സവിശേഷതകൾ** | **NCRB പോർട്ടൽ നൽകിയ സവിശേഷ സൂചനാ നം (URN )** |
|---|---|---|---|---|---|
| | | | | | |
| | | | | | |
| | | | | | |
| | | | | | |
| | | | | | |

അവശ്യ മേൽനടപടികൾക്കും അറിവിലേക്കുമായി കള്ള നോട്ടുകൾ ഇതോടൊപ്പം അയക്കുന്നു.

ഇത് കിട്ടിയ വിവരം അറിയിക്കുക

വിശ്വസ്തതയോടെ

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്
ഓഫീസ് മുദ്ര
ഉള്ളടക്കം:

**അനുബന്ധം IV**
**(ഖണ്ഡിക 5 )**
**തീയതി: --------------**

ബാങ്കിന്റെ പേര്:
ജില്ല:
ഏകോപന ബാങ്ക് ഓഫീസറുടെ പേരും മേൽവിലാസവും:
സൂചന നം-----------------------------------

പോലീസ് ഇൻസ്പെക്ടർ
............................പോലീസ് സ്റ്റേഷൻ
പ്രിയപ്പെട്ട സർ

**കള്ളനോട്ട് കണ്ടുപിടിക്കൽ- അന്വേഷണത്തിനുവേണ്ടിയുള്ള അപേക്ഷ**

ഞങ്ങളുടെ ഓഫീസിൽ ................തീയതി കണ്ടെത്തിയ താഴെപറയുന്ന കള്ളനോട്ടുകൾ ഇതോടൊപ്പം അയയ്ക്കുന്നു. ഇവയുടെ വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

2. വ്യാജ ഇന്ത്യൻ കറൻസി നോട്ടുകൾ അച്ചടിക്കുന്നതും പ്രചരിപ്പിക്കുന്നതും ഇന്ത്യൻ ശിക്ഷാനിയമത്തിന്റെ 489A മുതൽ 489E വരെയുള്ള വകുപ്പുകൾ പ്രകാരം കുറ്റമാകയാൽ FIR സമർപ്പിക്കുന്നതിനും അന്വേഷണം നടത്തുന്നതിനും ഞങ്ങൾ അഭ്യർത്ഥിക്കുന്നു. കോടതിയിൽ ക്രിമിനൽ നടപടികൾ ഫയൽ ചെയ്യാൻ തീരുമാനിക്കുന്നു എങ്കിൽ താങ്കൾ ഈ നോട്ടുകളെ ആദ്യം ക്രിമിനൽ നടപടിനിയമത്തിന്റെ 292(1), 292(3) വകുപ്പുകൾ പ്രകാരം പരിശോധനയ്ക്കായി ഏതെങ്കിലും ഒരു നോട്ട് അച്ചടി കേന്ദ്രത്തിലേക്കോ ഫോറൻസിക് സയൻസ് ലബോറട്ടറിയിലേക്കോ അയക്കുന്നതിന് ഏർപ്പാട് ചെയ്യേണ്ടതാണ്. ലഭിക്കുന്ന വിദഗ്ധാഭിപ്രായം ക്രിമിനൽ നടപടിനിയമത്തിന്റെ 292 വകുപ്പിനു കീഴിൽ തെളിവായി കോടതിയിൽ ഹാജരാക്കുകയും വേണം. അന്വേഷണത്തിന്റെയും/ കോടതിനടപടികളുടെയും പൂർത്തീകരണത്തിനുശേഷം ഈ നോട്ടുകൾ വിശദമായ അന്വേഷണ റിപ്പോർട്ടിന്/ കോടതിവിധിയ്ക്ക് ഒപ്പം ദയവായി ഞങ്ങൾക്ക് തിരിച്ചു അയച്ചു തരേണ്ടതാണ്.

| **മൂല്യം /എണ്ണം** | **കള്ളനോട്ടിന്റെ സീരിയൽ നം** | **സാങ്കല്പിക മൂല്യം** | **ഹാജരാക്കിയ ആളിന്റെ വിശദ വിവരങ്ങൾ** | **കള്ളനോട്ട് കണ്ടെത്തിയ ശാഖയുടെ /കറൻസി ചെസ്റ്റിന്റെ പേരും വിലാസവും** | **ബാങ്കിലെ എൻട്രി നം** | **NCRB പോർട്ടലിൽ നൽകിയ സവിശേഷ സൂചന നം.** |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | | | | | |
| | | | | | | |

3. കള്ളനോട്ടുകൾ ഇതോടൊപ്പം ചേർക്കുന്നു.

4. ഇത് കിട്ടിയ വിവരം അറിയിക്കുക

താങ്കളുടെ വിശ്വസ്തൻ

(അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ ഒപ്പ്)
ഓഫീസ് മുദ്ര
ഉള്ളടക്കം

**അനുബന്ധം V**
**(ഖണ്ഡിക 8)**

**കള്ളനോട്ട് ജാഗ്രതാ സെല്ലിന്റെ (FNVC) മേൽവിലാസം തുടങ്ങിയ വിവരങ്ങൾ റിസർവ് ബാങ്കിന് അയക്കുന്നതിനുള്ള രൂപരേഖ**

(ഓരോ വർഷവും ജൂലൈ 1 ന് ഇ-മെയിൽ വഴി നൽകേണ്ടത്)

| ബാങ്കിന്റെ പേര് | FNVC യുടെ പേര് | അധികാരപ്പെടുത്തിയ ഓഫീസറുടെ പേരും പദവിയും | ടെലിഫോൺ നം.(കോഡ് സഹിതം) | ഫാക്സ് നം (കോഡ് സഹിതം) | FNVC യുടെ ഇ-മെയിൽ വിലാസം |
|---|---|---|---|---|---|
| | | | | | |

മുകളിൽ കൊടുത്തിട്ടുള്ള വിവരങ്ങളിൽ മാറ്റമുണ്ടാകുന്ന പക്ഷം ഉടനെ അക്കാര്യം അറിയിക്കുന്നതിന് ഞങ്ങൾ ശ്രദ്ധയർപ്പിക്കുന്നതായിരിക്കും

അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥന്റെ പേര്:

പദവി:

തീയതി:

NB: പൂരിപ്പിച്ച വിവരണം MS-എക്സെലിൽ, ഇ-മെയിൽ ആയി അയച്ചുകൊടുക്കേണ്ടതാണ്.

**(അച്ചടിച്ച പകർപ്പ് അയക്കേണ്ടതില്ല)**

**അനുബന്ധം VI**
**(ഖണ്ഡിക 10)**

ബാങ്കിന്റെ പേര്/ ജില്ല
............മാസത്തിൽ ........................ൽ കണ്ടുപിടിച്ച കള്ളനോട്ടുകളുടെ വിശദവിവരങ്ങൾ കാണിക്കുന്ന അറിയിപ്പ്

## A) കണ്ടുപിടിച്ച വ്യാജനോട്ടുകളുടെ വിശദവിവരങ്ങൾ:

| ശാഖയുടെ /കറൻസി ചെസ്റ്റിന്റെ പേര് | കണ്ടുപിടിച്ച നോട്ടിന്റെ തരം | മൂല്യ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ | | | | | | | | | | | | | ആകെ എണ്ണം |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | | **10** പഴയത് | **10** പുതിയത് | **20** പഴയത് | **20** പുതിയത് | **50** പഴയത് | **50** പുതിയത് | **100** പഴയത് | **100** പുതിയത് | **200** | **500** പഴയത് | **500** പുതിയത് | **1000** | **2000** | |
| | FIR( FICN എണ്ണം) | | | | | | | | | | | | | | |
| | FIR ഇതരം | | | | | | | | | | | | | | |
| | ബാങ്ക് നോട്ടുകളുടെ ആകെ എണ്ണം | | | | | | | | | | | | | | |

## B) പോലീസിൽ ഫയൽ ചെയ്ത FIR കേസുകളുടെ വിശദ വിവരങ്ങൾ :

| | **മാസാദ്യം പോലീസിന്റെ കൈവശം ബാക്കിയുള്ളത്( മൊത്തം ബാക്കി)** | **തൻമാസത്തിൽ പോലീസിന് അയച്ചുകൊടുത്തത്** | **തൻമാസത്തിൽ പോലീസ് തിരിച്ചു തന്നത്** | **തൻമാസാവസാനം പോലീസിന്റെ കൈവശം ബാക്കി (ആകെ മൊത്തം)** |
|---|---|---|---|---|
| FIR ഫയൽ ചെയ്ത കേസുകളുടെ എണ്ണം * | | | | |
| എല്ലാ FIR കേസുകളിലും കൂടി ഉൾപ്പെട്ടിട്ടുള്ള കള്ളനോട്ടുകളുടെ എണ്ണം | | | | |

*ഓരോ FIR ലും ഒരു കേസ് ആണ് ഉൾപെട്ടിട്ടുള്ളത്

അയച്ചുകൊടുത്തത്:-

ജനറൽ മാനേജർ/ ഡെപ്യൂട്ടി ജനറൽ മാനേജർ, ഭാരതീയ റിസർവ് ബാങ്ക്, ഇഷ്യൂ വിഭാഗം, ............
ഒപ്പ്
(അധികാരപ്പെട്ട ഉദ്യോഗസ്ഥൻ)
ഓഫീസ് മുദ്ര

**അനുബന്ധം VII**
**(ഖണ്ഡിക 12)**

## ഭാരതീയ റിസർവ്വ് ബാങ്ക് 1967 നു ശേഷം വിതരണം ചെയ്തിട്ടുള്ള ബാങ്ക് നോട്ടുകളുടെ രൂപമാതൃകകൾ

| വർഷം | വലുപ്പം | വാട്ടർമാർക്ക് | മുൻഭാഗം | പിൻഭാഗം |
|---|---|---|---|---|
| **I. ₹ 10 നോട്ടുകൾ** | | | | |
| 1967 | 137 x 63 mm | അശോക സ്തംഭം | നീലാരുണം, 10 എന്ന അക്കം മദ്ധ്യത്ത് | നോട്ടിന്റെ മൂല്യം 14 ഭാഷകളിൽ നാടൻ നൗകയോടുകൂടിയ അണ്ഡകാരത്തിലുള്ള കടൽ ചിത്രം |
| 1968 | -do- | -do- | നീല - കറുപ്പ് നിറം. പ്രതിജ്ഞാ വാക്യം ഉറപ്പു നൽകൽ വാക്യം, ഒപ്പ് ഇവയുടെ അച്ചടി ദ്വിഭാഷയിൽ | -do - . ഹിന്ദിയിൽ ആർ .ബി.ഐ. യുടെ പേര് കൂട്ടിച്ചേർത്തു. |
| 1969 | -do- | -do- | നീല - കറുപ്പ് നിറം. 'രൂപ പത്ത് ' എന്നതിന് പകരം 'പത്തു രൂപ' | മഹാത്മാ ഗാന്ധിയുടെ ഛായാ ചിത്രം |
| 1970 | -do- | അശോക സ്തംഭവും ചർക്കയും | ഹിന്ദിയിൽ RBI എന്നുള്ളത് ഇംഗ്ലീഷിൽ RBI എഴുതിയിരുന്ന സ്ഥാനത്തേയ്ക്കും അതുപോലെ തിരിച്ചും ഉൾപ്പെടുത്തി. ഹിന്ദിയിലുള്ള ഉറപ്പു നൽകൽ വാക്യവും പ്രതിജ്ഞാ വാക്യവും ഗവർണറുടെ ഒപ്പും പരസ്പരം മാറ്റി. 'സത്യമേവ ജയതേ' ഉൾപ്പെടുത്തി. വാട്ടർമാർക് ജാലകവും നമ്പർ പാനലും വലുതാക്കി. | ദ്വിഭാഷാ മുദ്ര ഉൾപ്പെടുത്തി. |
| 1975 | -do- | -do | ഇരുണ്ട തവിട്ട്, പീതഹരിത, നീല നിറം. 10 എന്ന അക്കം ഇരുണ്ട തവിട്ട് നിറത്തിൽ അച്ചടിച്ചിട്ടുണ്ട്. ഇന്‌ടാഗ്ലിയോ അച്ചടി. ഭാഷകളുടെ നിര ഇടതും അശോകസ്തംഭം ചിഹ്നം വലത്തും. | മങ്ങിയ തവിട്ട് നിറം. കാവി, നീല, പച്ച നിറം. ഒരു മരച്ചില്ലയിൽ രണ്ടു മയിലുകളോടുകൂടിയ ഒരു വൃത്തം. മാൻ, കുതിരകൾ, പക്ഷി, താമര. |
| 1992 | -do- | അശോക സ്തംഭവും ചർക്കയും | മൊത്തത്തിൽ മങ്ങിയ പാടല വർണ്ണം, മജന്ത, മഞ്ഞ നിറങ്ങൾ | ഷാലിമാർ പൂന്തോട്ടം. |
| 1996 | -do- | വാട്ടർമാർക്ക് ജാലകത്തിൽ വിവിധ ദിശകളിലേയ്ക്കുള്ള വരകളോടുകൂടി മഹാത്മാ ഗാന്ധി | മൊത്തത്തിൽ നീല ലോഹിത തവിട്ട് നിറം, ഓറഞ്ച്, പാടലവർണ്ണം. മഹാത്മാ ഗാന്ധി ചിത്രം. പ്രകാശത്തിനെതിരെ പിടിയ്ക്കുമ്പോൾ രണ്ടു വശത്തും 'भारत' 'RBI' എന്ന് വായിയ്ക്കാവുന്ന വാക്കുകളോടുകൂടി നോട്ടിനുള്ളിൽ സുരക്ഷാ നാര്. | കെട്ടുപിണഞ്ഞ ഗിലോഷ്, പുഷ്പ മാതൃകകൾ ഒരു ആന, കാണ്ടാമൃഗം , കടുവാ മുഖങ്ങളോടുകൂടി. നോട്ടിന്റെ മൂല്യം 15 ഇൻഡ്യൻ ഭാഷകളിൽ |

| | | | | |
|---|---|---|---|---|
| | | ചിത്രം. | | |
| 2006 | -do- | മഹാത്മാ ഗാന്ധി ചിത്രം, ബഹുദിശാ രേഖകൾ മൂല്യ സംഖ്യയായ 10 എന്ന അക്കം കാണിയ്ക്കുന്ന ഒരു ഇലക്ട്രോ ടൈപ്പ് മാർക്ക്. വെളിച്ചത്തിനെതിരെ പിടിച്ചാൽ ഇവ എല്ലാം കൂടുതൽ നന്നായി കാണാം. | മെഷീൻ ഉപയോഗിച്ച് വായിക്കാവുന്ന, ജാലകമുള്ള ലോഹരഹിതമായ വ്യക്തമായ ടെക്സ്റ്റ് ഉള്ള കാന്തിക സുരക്ഷാ നാര്. യൂ.വി. വെളിച്ചത്തിൽ രണ്ടു വശത്തും മഞ്ഞ നിറത്തിൽ കൂടുതൽ നന്നായി പ്രകാശിയ്ക്കുന്ന 'ഭാരത്' (ഹിന്ദിയിൽ) RBI ലിഖിതങ്ങൾ. (ജെനറിക്ക്). വീതി : 1.4 mm. ദ്വിവർണ്ണ ഒപ്ടിക്കൽ ഫൈബറുകൾ. വാട്ടർമാർക്ക് കഴിഞ്ഞുള്ള ലംബമായ ബാൻഡിന്റെ മധ്യത്തിൽ നോട്ടിന്റെ മുൻ വശത്തും പിൻവശത്തും അച്ചടിച്ചിട്ടുള്ള ചെറു പുഷ്പരൂപത്തിന്റെ പിൻഭാഗങ്ങൾ പ്രകാശത്തിൽ അക്കം ഒന്നാണെന്ന് തോന്നും വിധം കൃത്യമായി ചേർന്നിരിക്കുന്നു. | ബാങ്ക് നോട്ടിന്റെ മറു വശത്ത് അച്ചടിച്ച വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്. |
| 2011 | -do- | -do- | -do- ഇതുകൂടാതെ ₹ അടയാളം ബാങ്കുനോട്ടിന്റെ അഭിമുഖമായി വരുന്ന വശത്തു മുകളിൽ ഇടത്തും വലത്തും മൂലകളിൽ ചേർക്കപ്പെട്ടു (മൂല്യം കാണിയ്ക്കുന്ന അക്കത്തിനോടൊപ്പം) | ബാങ്ക് നോട്ടുകളിൽ മറു വശത്ത് അച്ചടിച്ച വർഷം തുടർന്നും കാണും. കൂടാതെ ₹ അടയാളം ബാങ്ക് നോട്ടുകളുടെ മറുവശത്തു മുകളിൽ ഇടത്തും വശത്തും മൂലകളിൽ (മൂല്യം കാണിയ്ക്കുന്ന അക്കത്തിനോടൊപ്പം) അവതരിപ്പിക്കപ്പെട്ടു. |
| 2016 | -do- | -do- | -do- കൂടുതലായി, ഈ നോട്ടുകളുടെ രണ്ടു നമ്പർ പാനലുകളിലും അക്കങ്ങളുടെ വലുപ്പം ഇടത്തുനിന്നും വലത്തോട്ട് ആരോഹണ ക്രമത്തിൽ ആയിരിക്കും. എന്നാൽ ആദ്യ മൂന്ന് അക്ഷര അക്കങ്ങൾ (ഉപസർഗ്ഗം) മാറ്റമില്ലാതെ കാണാം. | |

| | | | | |
|---|---|---|---|---|
| 2018 | 63 mm x 123 mm | മഹാത്മാ ഗാന്ധിയുടെ ഛായാചിത്രവും ഇലെക്ട്രോടൈപ്പ (10) വാട്ടർമാർക്കുമുള്ള ₹ 10 നോട്ടുകൾ മഹാത്മാ ഗാന്ധി(പുതിയ) പരമ്പരയിൽ | നോട്ടിന്റെ അടിസ്ഥാന നിറം ചോക്ലേറ്റ് ബ്രൗൺ. നോട്ടിലെ മറ്റു രൂപരേഖകളും ജ്യാമീതിയ രൂപങ്ങളും മൊത്തത്തിലുള്ള നിറക്കൂട്ടുകളുമായി പൊരുത്തപ്പെടുത്തി രണ്ടു വശങ്ങളിലും ചേർത്തിരിക്കുന്നു.<br>മൂല്യാങ്കന അക്കം 10- ഓടു കൂടിയ 'സീ ത്രൂ രജിസ്റ്റർ' ദേവനാഗരിയിൽ മൂല്യാങ്കന അക്കം 10, മദ്ധ്യത്തിൽ മഹാത്മാ ഗാന്ധി ചിത്രം, സൂക്ഷ്മ അക്ഷരങ്ങൾ 'RBI' 'भारत', 'INDIA' ഒപ്പം '10'. ജാലകത്തോടുകൂടിയ ലോഹരഹിത സുരക്ഷാ നാരിൽ 'भारत' 'RBI' ലിഖിതങ്ങൾ. ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടി ഗവർണറുടെ ഒപ്പ്, റിസർവ്വ് ബാങ്ക് ചിഹ്നം മഹാത്മാ ഗാന്ധി ചിത്രത്തിന് വലത്തായി. വലതുവശത്ത് അശോക സ്തംഭ ചിഹ്നം, മുകളിൽ ഇടത്തും താഴെ വലത്തും വശങ്ങളിൽ ആരോഹണ ക്രമത്തിൽ വലുപ്പം കൂടുന്ന അക്കങ്ങളോടു കൂടിയ നമ്പർ പാനലുകൾ. | പുതിയ ₹ 10 നോട്ടിൽ രാജ്യത്തിൻറെ സാംസ്കാരിക പാരമ്പര്യത്തെ ചിത്രീകരിക്കുന്നതിനായി കൊണാർക്കിലെ സൂര്യ ക്ഷേത്രം പ്രധാന പ്രതിപാദ്യം ആയി കൊടുത്തിട്ടുണ്ട്. നോട്ട് അച്ചടിച്ച വർഷം ഇടതു വശത്ത്. സ്വച്ഛ ഭാരത് ചിഹ്നം മുദ്രാവാക്യം സഹിതം. ഭാഷാപട്ടിക, ദേവനാഗരിയിൽമൂല്യാങ്കന സംഖ്യ 10 |
| II. ₹ 20 നോട്ടുകൾ | | | | |
| 1972 | 147 x 63 mm | അശോക സ്തംഭം | കാവി നിറം. അശോക സ്തംഭത്തിന്റെ ചിഹ്നം വലത്തും ഭാഷാ പാനൽ ഇടത്തും വശങ്ങളിൽ | സ്പഷ്ടമായ ഹിന്ദി അക്ഷരങ്ങൾ ഒരു തിരശ്ചീന പാനലിൽ മൂലകളിൽ '20' അക്കങ്ങളോടുകൂടി മദ്ധ്യത്തിൽ കാണുന്നു. പാർലമെന്റ് മന്ദിരത്തിന്റെ ചിത്രം. ഇടത്ത് മൂല്യം ഭാരതീയ ഭാഷകളിൽ. |
| 1975 | -do- | ചെറിയ അശോക സ്തംഭ ചർക്കകളുടെ ഒരു ശൃംഖലയോടു കൂടി. റസീൻ ട്രീറ്റ് ചെയ്ത പേപ്പർ | ചുവപ്പ്, നീലം, ഊത, വിളറിയ മഞ്ഞനിറം. '20' അക്കം ഒരു താമര ആകൃതിയുള്ള ഇളം മഞ്ഞ രൂപത്തിന്മേൽ ഇരുണ്ട ഊത നിറത്തിൽ. ഭാഷാപട്ടിക ഇടത്തും അശോക സ്തംഭ ചിഹ്നം വലത്തും കടലാസിന്റെ വെളുപ്പുള്ള മൂലകളിൽ ഒഴികെ എല്ലാ വശങ്ങളിലും പ്രിന്റിങ് അരിക് കടന്നുപോയിട്ടുണ്ട്. ദ്വിഭാഷാ പേരുകൾ, വാക്യങ്ങൾ, ഒപ്പ്. | ശുഷ്കമായ ഓഫ് സെറ്റ് അച്ചടി. ചുവപ്പ്, നീലം, ഊത നിറങ്ങൾ. മദ്ധ്യത്തിൽ കൊണാർക്ക് സൂര്യ ക്ഷേത്രത്തിലെ രഥചക്രം. വിളറിയ നീല നിറത്തിലുള്ള വാട്ടർമാർക്ക് ജാലകം ഒരു വർണ്ണശബളമായ രൂപ മാതൃകയിൽ ചുറ്റപ്പെട്ടിരിക്കുന്നു. മുഖ വശത്തുള്ള ഇതേ രൂപ മാതൃകയും ആയി ഇത് പൂർണ്ണമായും യോജിച്ചിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2001 | -do- | മഹാത്മാ ഗാന്ധി ചിത്രം | സുരക്ഷാ ചരട് മുഴുവനായും അന്തർലീനവും 'भारत' എന്നും 'RBI' എന്നും ഉള്ള ആലേഖനത്തോട് കൂടിയത്. നിറം പ്രധാനമായും ചുവപ്പ് കലർന്ന ഓറഞ്ച്. അശോക സ്തംഭത്തിനു പകരം മഹാത്മാ ഗാന്ധി ചിത്രം ഇരുണ്ട ചുവപ്പ് നിറത്തിൽ. അശോക സ്തംഭം ഇടത്തു താഴെ മൂലയിലേക്ക് മാറ്റുകയും വലുപ്പം ചെറുതാക്കുകയും ചെയ്തിട്ടുണ്ട്. അക്കം 20, RBI മുദ്ര, മഹാത്മാ ഗാന്ധിയുടെ ചിത്രം, RBI ലിഖിതം, ഗ്യാരന്റി/ വാഗ്ദാന വാക്യങ്ങൾ, ഗവർണറുടെ ഒപ്പ്, അകത്തു ചേർത്തിട്ടുള്ള അശോക സ്തംഭം എന്നിവ ഉയർത്തിയാണ് അച്ചടിച്ചിട്ടുള്ളത്. RBI എന്ന വാക്കുകളും 20 എന്ന അക്കവും സൂക്ഷ്മ അക്ഷരങ്ങളിൽ ഒന്നിടവിട്ട് മഹാത്മാ ഗാന്ധി ചിത്രത്തിന് പുറകിൽ കാണുന്നു. തള്ളി നിൽക്കുന്ന രൂപത്തിൽ ലംബമായിട്ടുള്ള ഒരു ചെറിയ ദീർഘചതുര രൂപത്തിലുള്ള തിരിച്ചറിയൽ അടയാളം കാഴ്ച ശക്തിയില്ലാത്തവർക്ക് ഏതു മൂല്യത്തിലുള്ള നോട്ടാണെന്നു തൊട്ടറിയാനായി നോട്ടിന്റെ ഇടത്തു വശത്തു കൊടുത്തിട്ടുണ്ട്. നമ്പർ പാനലിലുള്ള അക്കങ്ങൾ ചുവന്ന നിറത്തിലാണ് അച്ചടിച്ചിട്ടുള്ളത്. | മുഖ്യ പ്രതിപാദ്യം കേര വൃക്ഷ നിരയോടുകൂടിയ കടൽ തീരമാണ്. നോട്ടിന്റെ മൂല്യം ഇടത്തു ഭാഗത്തു ഒരു ലംബമായ പാനലിൽ 15 ഭാഷകളിൽ കാണിച്ചിട്ടുണ്ട്. |
| 2006 | -do- | മഹാത്മാ ഗാന്ധിയുടെ ചിത്രം, വിവിധ ദിശകളിലേക്കുള്ള രേഖകൾ, മൂല്യാങ്കന അക്കം '20'കാണിയ്ക്കുന്ന ഒരു ഇലക്ട്രോ ടൈപ്പ് എന്നിവ അടങ്ങിയ ഈ ഭാഗം പ്രകാശത്തിനെതിരെ പിടിച്ചാൽ കൂടുതൽ വ്യക്തമായി കാണാം. | മെഷീൻ ഉപയോഗിച്ച് വായിക്കാവുന്ന ജാലകങ്ങളടങ്ങിയ ലോഹരഹിതമായ വ്യക്തമായ ടെക്സ്റ്റുള്ള മാഗ്നെറ്റിക് സുരക്ഷാ ചരട് . 'ഭാരത്' എന്ന് ഹിന്ദിയിലും, RBI എന്ന് ഇംഗ്ലീഷിലും ഉള്ള ലിഖിതങ്ങളോട് കൂടിയതും UV ലൈറ്റിന്റെ (ജനറിക്) കീഴിൽ രണ്ടു വശത്തും മഞ്ഞ നിറത്തിൽ കൂടുതൽ പ്രകാശിക്കുന്നതുമാണ്.<br>വീതി 1.4 mm<br>ദ്വിവർണ്ണ ഒപ്റ്റിക്കൽ ഫൈബറുകൾ. വാട്ടർ മാർക്കിനടുത്തായി ലംബമായിട്ടുള്ള നാടയുടെ മദ്ധ്യത്തിൽ മുൻ വശത്തും പുറകു വശത്തും പ്രിന്റ് ചെയ്തിട്ടുള്ള രൂപങ്ങളുടെ പിൻ ഭാഗങ്ങൾ പ്രകാശത്തിനെതിരെ പിടിച്ചാൽ അക്കം ഒന്നാണെന്ന് തോന്നും വിധം അവ കൃത്യമായി ചേർന്നിരിക്കുന്നു. | ബാങ്ക് നോട്ടിന്റെ മറുവശത്തു അച്ചടിച്ച വർഷം രേഖപ്പെടുത്തിയിട്ടുണ്ട്. |
| 2012 | -do- | -do- | -do-<br>ഇത് കൂടാതെ ₹ അടയാളം ബാങ്ക് നോട്ടിന്റെ മുഖവശത്തു മുകളിൽ ഇടത്തും വലത്തും മൂലകളിൽ (മൂല്യം കാണിയ്ക്കുന്ന അക്കത്തോടൊപ്പം) അച്ചടിച്ച് തുടങ്ങി | ബാങ്ക് നോട്ടുകളിൽ അവ അച്ചടിയ്ക്കുന്ന വർഷം തുടർന്നും ഉണ്ടാകുന്നതാണ്.<br>അത് കൂടാതെ ₹ ചിഹ്നം നോട്ടിന്റെ മറുവശത്തു മുകളിൽ ഇടത്തും വലത്തും മൂലകളിൽ |

| | | | | |
|---|---|---|---|---|
| | | | | (മൂല്യാങ്കന അക്കത്തോടൊപ്പം) അച്ചടിച്ച് തുടങ്ങി. |
| 2016 | -do- | -do- | രണ്ടു നമ്പർ പാനലുകളിലെയും അക്കങ്ങൾ വലുപ്പത്തിൽ ഇടത്തുനിന്നും വലത്തോട്ട് ആരോഹണ ക്രമത്തിലായിരിക്കും എന്നാൽ ആദ്യത്തെ മൂന്നു ആൽഫാ ന്യൂമെറിക് ക്യാരക്ടേഴ്സ് (ഉപസർഗ്ഗം) വലുപ്പത്തിൽ സ്ഥിരമായി നിൽക്കും. '20' എന്ന അക്കം, RBI മുദ്ര, മഹാത്മാ ഗാന്ധി ചിത്രം, RBI ലിഖിതം, ഗ്യാരന്റി/ വാഗ്ദാന വാക്യങ്ങൾ, ഗവർണറുടെ ഒപ്പ്, അശോക സ്തംഭ ചിഹ്നം എന്നിവ ഇതുവരെ ചെയ്ത വിധം ഉയർത്തി അച്ചടിക്കുന്നതിനു പകരം ഇപ്പോൾ ഓഫ്സെറ്റിലാണ് പ്രിന്റ് ചെയ്തിരിക്കുന്നത്. കൂടാതെ, ബാങ്ക് നോട്ടിന്റെ ഇടതു വശത്തുണ്ടായിരുന്ന ദീർഘചതുര തിരിച്ചറിയൽ അടയാളം നീക്കം ചെയ്തിട്ടുമുണ്ട്. മറു ഭാഗത്തു നിറത്തിൽ ഒരു മാറ്റവും ഇല്ലെങ്കിലും മുൻഭാഗത്തെ നിറം കൂടുതൽ ലഘുവായിട്ടുണ്ട്. മഹാത്മാ ഗാന്ധി ചിത്രത്തിന്റെ വലതു വശത്തുള്ള ലംബമായ ബാൻഡിൽ മൂല്യം കാണിക്കുന്ന "20" അക്കം ലീനമായി ഉൾക്കൊള്ളിച്ചിട്ടുണ്ടായിരുന്നു. ഈ ലീന പ്രതിരൂപം കണ്ണിന്റെ വിതാനത്തിൽ തിരശ്ചീനമായി നോട്ട് പിടിക്കുമ്പോൾ കാണാവുന്നതായിരുന്നു. ഈ സവിശേഷത ഇപ്പോൾ നിലവിലില്ല. | -do- |
| 2019 | 63 x 129 mm | മഹാത്മാ ഗാന്ധി (പുതിയ) സീരീസിൽ മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (20)വാട്ടർ മാർക്കുകളും ഉള്ള. ₹ 20 മൂല്യമുള്ള ബാങ്ക് നോട്ടുകൾ. | നോട്ടിന്റെ മൂല്യം കാണിക്കുന്ന അക്കം 20 ഉള്ള 'സീ ത്രൂ രജിസ്റ്റർ'. ദേവനാഗരിയിൽ മൂല്യത്തിന്റെ അക്കം 20, മഹാത്മാ ഗാന്ധി ചിത്രം മദ്ധ്യത്ത്. സൂക്ഷ്മ അക്ഷരങ്ങൾ 'RBI', 'भारत', 'INDIA' ഒപ്പം '20'. ജാലക സഹിതമുള്ള ലോഹരഹിത, 'भारत' 'RBI' ലിഖിതങ്ങളുള്ള സുരക്ഷാ ചരട്. ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടി ഗവർണറുടെ ഒപ്പ്, RBI ചിഹ്നം മഹാത്മാ ഗാന്ധി ചിത്രത്തിന് വലതു വശത്തായി. അശോക സ്തംഭം ചിഹ്നം വലതു വശത്ത്. മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പും (20) ഉള്ള വാട്ടർമാർക്കുകളും.. മുകളിൽ ഇടത്തും താഴെ വലത്തും ഉള്ള നമ്പർ പാനലുകളിൽ ചെറുതിൽനിന്നും വലുതിലേക്കു വളരുന്ന (വലുപ്പത്തിൽ) അക്കങ്ങൾ . | നോട്ട് അച്ചടിച്ച വർഷം ഇടത്ത്. സ്വച്ഛ ഭാരത് ചിഹ്നം മുദ്രാവാക്യ സഹിതം. ഭാഷാ പട്ടിക. എല്ലോറ ഗുഹകൾ പ്രധാന പ്രതിപാദ്യം. മൂല്യത്തിന്റെ അക്കം 20 ദേവനാഗരിയിൽ. |
| **III. ₹ 50 നോട്ടുകൾ** | | | | |

| | | | | |
|---|---|---|---|---|
| 1975 | 147 x 73 mm | ചക്രങ്ങളുടെ ശൃംഖലയോടുകൂടിയ അശോക സ്തംഭം. | നീല, പച്ച, നീലാരുണ നിറങ്ങളോടുകൂടിയ ഊത നിറം. അക്കം 50 ഇരുണ്ട തവിട്ടു നിറത്തിൽ. ഭാഷാ പട്ടിക ഇടത്തും അശോക സ്തംഭം ചിഹ്നം വലത്തും. മൂലകളിലൊഴികെ പ്രിന്റിങ് അരികുകൾ കടന്നു പോകുന്നു. | ഊത, തവിട്ടു, മഞ്ഞ നിറങ്ങൾ. പാർലമെന്റ് മന്ദിരം മദ്ധ്യത്തിൽ. വാട്ടർമാർക്ക് ജാലകം വിളറിയ ഊത നിറത്തിൽ. മുഖവശത്തുള്ള സമാന രൂപമാതൃകയുമായി പൂർണ്ണമായി ചേർന്നു പോകുന്ന ഒരു ശബളാഭമായ രൂപമാതൃകയാൽ വാട്ടർ മാർക്ക് ജാലകം വലയംചെയ്യപ്പെട്ടിരിക്കുന്നു. |
| 1981 | -do- | -do- | ഉയർത്തിയുള്ള അച്ചടി - മങ്ങാത്ത നീല, മഞ്ഞ, ചുവപ്പ്. അശോക സ്തംഭവും ഭാഷകളും കടുത്ത വയലറ്റ് നിറങ്ങളിൽ, ബാക്കി ഭാഗം കടുത്ത പച്ച, തവിട്ടു നിറങ്ങളിൽ. അശോക സ്തംഭം ചിഹ്നത്തിന് താഴെ सत्यमेव जयते | ഡ്രൈ ഓഫ് സെറ്റ് - മഞ്ഞ കലർന്ന തവിട്ടുനിറം. ബോധി കടുത്ത നീലാരുണ വർണ്ണത്തിൽ. മുകളിൽ ദേശീയ പതാകയോടുകൂടിയ പാർലമെന്റ് മന്ദിരം. |
| 1997 | -do- | മഹാത്മാ ഗാന്ധിയുടെ ചിത്രം വിവിധ ദിശകളിലേക്ക് പോകുന്ന രേഖകൾ ഉള്ള ജാലക സഹിതം. | മഞ്ഞ, നീല, വയലറ്റ് നിറങ്ങൾ. അശോക സ്തംഭത്തിനു പകരം മഹാത്മാ ഗാന്ധി ചിത്രം നീല നിറത്തിൽ. സുരക്ഷാ ചരട് ആകെ നോട്ടിനകത്ത് ചേർത്തിരിയ്ക്കുന്നു, भारत, RBI അക്ഷരങ്ങൾ സഹിതം. കാഴ്ച വൈകല്യം ഉള്ളവർക്ക് നോട്ടിന്റെ മൂല്യം തിരിച്ചറിയാൻ കഴിയുന്നതിനു വേണ്ടി വാട്ടർമാർക്കിന്റെ ഇടതു വശത്തു ഒരു ചെറിയ കറുത്ത, കട്ടിയായ ചതുരം പതിച്ചിട്ടുണ്ട്. | ഇൻഡ്യയുടെ പാർലമെന്റ് മന്ദിരത്തിന്റെ വിശാലമായ പ്രകൃതി ദൃശ്യം മുകളിൽ പുഷ്പ രൂപ മാതൃക കളോടും വശങ്ങളിൽ കസവു ചിത്രത്തുന്നൽ മാതൃകകളോടും കൂടി. നോട്ടിന്റെ മൂല്യം 15 ഭാരതീയ ഭാഷകളിൽ. |

| | | | | |
|---|---|---|---|---|
| 2005 | -do- | മഹാത്മാ ഗാന്ധി ചിത്രം, വിവിധ ദിശകളിലേയ്ക്കുള്ള മൂല്യാങ്കന രേഖകൾ, അക്കമായ 50 കാണിക്കുന്ന ഒരു ഇലക്ട്രോടൈപ്പ് അടയാളം എന്നിവ കാണാം. പ്രകാശത്തിനെതിരെ പിടിച്ചാൽ ഇവ കൂടുതൽ വ്യക്തമായി കാണാവുന്നതാണ്. | മെഷിനിൽ വായിക്കാവുന്ന, ജാലകമുള്ള, ലോഹ രഹിത ക്ലിയർ ടെക്സ്റ്റ്, കാന്തിക സുരക്ഷാ ചരട്, 'ഭാരത്' (ഹിന്ദിയിൽ), RBI ലിഖിതങ്ങൾ സഹിതം. ഇത് യു. വി. ലൈറ്റിൽ രണ്ടു വശങ്ങളിലും മഞ്ഞ നിറത്തിൽ കൂടുതൽ പ്രകാശമാനമാകുന്നു. വീതി 1.4 mm. ഹിന്ദിയിലും ഇംഗ്ലീഷിലും ഉയർത്തി അച്ചടിച്ചിട്ടുള്ള ബാങ്കിന്റെ പേര്, റിസർവ് ബാങ്ക് മുദ്ര, ഗ്യാരന്റി/ വാഗ്ദാന വാക്യങ്ങൾ, അശോകസ്തംഭ ചിഹ്നം (ഇടതുവശത്ത്), റിസർവ് ബാങ്ക് ഗവർണറുടെ ഒപ്പ് എന്നിവ കൂടുതൽ തെളിഞ്ഞു നിൽക്കുന്നു. ഉയർത്തി അച്ചടിച്ചിട്ടുള്ള വാട്ടർമാർക്ക് ജാലകത്തിന്റെ ഇടതു വശത്തായി കൂടുതൽ താഴ്ചയിൽ പതിപ്പിച്ചിട്ടുള്ള ഒരു സമചതുരം കാഴ്ച വൈകല്യമുള്ളവരെ നോട്ടിന്റെ മൂല്യം തിരിച്ചറിയാൻ സഹായിക്കുന്നു. ഒപ്റ്റിക്കൽ ഫൈബറുകൾ ദ്വിവർണ്ണങ്ങളിലാണ്. വാട്ടർമാർക്കിനടുത്തായി നോട്ടിന്റെ ലംബമായ നാടയിൽ മദ്ധ്യത്തിൽ മുൻവശത്തും പിൻവശത്തും ആയി അച്ചടിച്ചിട്ടുള്ള ചെറിയ പുഷ്പ രൂപ മാതൃകകളുടെ പിൻവശങ്ങൾ വെളിച്ചത്തിൽ അക്കം ഒന്നാണെന്ന് തോന്നും വിധം പൂർണ്ണമായും ചേർന്നിരിയ്ക്കുന്നു. | പുറകിൽ അച്ചടിച്ച വർഷം ചേർത്തിട്ടുണ്ട് |
| 2012 | -do- | -do- | -do-<br>കൂടാതെ, ₹ അടയാളം ബാങ്ക് നോട്ടിന്റെ മുഖവശത്തു മുകളിൽ ഇടത്തും വലത്തും മൂലകളിൽ (മൂല്യം കാണിയ്ക്കുന്ന അക്കത്തോടുകൂടി) അവതരിപ്പിക്കപ്പെട്ടു. | ഈ ബാങ്ക് നോട്ടുകളിൽ പിൻവശത്ത് അച്ചടിച്ച വർഷം തുടർന്നും ഉണ്ടാകും. കൂടാതെ ₹ അടയാളം പിൻ ഭാഗത്ത് മുകളിൽ ഇടത്തും വലത്തും മൂലകളിൽ (മൂല്യം കാണിയ്ക്കുന്ന അക്കത്തോടൊപ്പം) അച്ചടിച്ച് തുടങ്ങി. |
| 2015 | -do- | -do- | -do- കൂടാതെ, രണ്ടു നമ്പർ പാനലുകളിലെയും ആദ്യത്തെ മൂന്നെണ്ണം ഒഴിച്ചുള്ള അക്കങ്ങളുടെ വലുപ്പം ഇടത്തു നിന്ന് വലത്തേക്ക് ആരോഹണ ക്രമത്തിൽ ആണ്. ആദ്യ മൂന്ന് ആൽഫാ ന്യൂമെറിക് ക്യാരക്ടേഴ്സിന്റെ വലുപ്പം സ്ഥിരമായിരിക്കും. | -do- |

| | | | | |
|---|---|---|---|---|
| 2016 | -do- | -do- | ഇതുവരെ ഉയർത്തി അച്ചടിച്ചിരുന്ന, അക്കം 50, RBI മുദ്ര, മഹാത്മാ ഗാന്ധി ചിത്രം, RBI ലിഖിതം, ഗ്യാരന്റി/ വാഗ്ദാന വാക്യങ്ങൾ, ഗവർണറുടെ ഒപ്പ്, അശോക സ്തംഭ ചിഹ്നം എന്നിവ ഇപ്പോൾ ഓഫ്സെറ്റിലാണ് അച്ചടിയ്ക്കുന്നത്.<br>കൂടാതെ ബാങ്ക് നോട്ടിന്റെ ഇടതുവശത്തുണ്ടായിരുന്ന സമചതുര തിരിച്ചറിയൽ അടയാളവും നീക്കിയിട്ടുണ്ട്. പുറകുവശത്ത് നിറത്തിൽ വ്യത്യാസം ഇല്ലെങ്കിലും മുഖവശത്ത് നിറം ലഘുവായിട്ടുണ്ട്.<br>മഹാത്മാ ഗാന്ധി ചിത്രത്തിന്റെ വലതുവശത്തുള്ള ലംബമായ നാടയിൽ ഇതുവരെ മൂല്യാങ്കന അക്കം '50' ന്റെ ലീനമായ പ്രതിഛായ ഉണ്ടായിരുന്നു. ഈ ലീനമായ ഛായ കണ്ണിന്റെ വിതാനത്തിൽ തിരശ്ചീനമായി നോട്ട് പിടിക്കുമ്പോൾ മാത്രം ദൃശ്യമായിരുന്നു. ഈ സവിശേഷത ഇനിമേൽ ഉണ്ടാവുകയില്ല. | -do- |
| 2017 | 66mm x 135mm | മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (50) വാട്ടർമാർക്കും ഉള്ള ₹ 50 മൂല്യമുള്ള മഹാത്മാ ഗാന്ധി (പുതിയ) പരമ്പര നോട്ടുകൾ | നോട്ടിന്റെ അടിസ്ഥാന നിറം പ്രകാശമാനമായ നീലയാണ് .<br>'സീ ത്രൂ രജിസ്റ്റർ' മൂല്യം കാണിക്കുന്ന അക്കം 50 സഹിതം. ദേവനാഗരിയിൽ ഉള്ള മൂല്യാങ്കന അക്കം 50, മദ്ധ്യത്തിൽ മഹാത്മാ ഗാന്ധി ചിത്രം, സൂക്ഷ്മ അക്ഷരങ്ങൾ 'RBI' 'भारत' 'INDIA' ഒപ്പം '50'. ജാലകത്തോടുകൂടിയ ലോഹരഹിത 'भारत' 'RBI' ലിഖിതങ്ങളുള്ള സുരക്ഷാ ചരട്, ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടിയ ഗവർണറുടെ ഒപ്പ്, RBI ചിഹ്നം എന്നിവ മഹാത്മാ ഗാന്ധി ചിത്രത്തിന്റെ വലതു ഭാഗത്ത്. അശോക സ്തംഭം ചിഹ്നം വലത്ത് മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (50) സഹിതം ഉള്ള വാട്ടർമാർക്കും. മുകളിൽ ഇടത്തും താഴെ വലത്തും ഉള്ള നമ്പർ പാനലിലെ അക്കങ്ങൾ ചെറിയ വലുപ്പത്തിൽ നിന്നും കൂടുതൽ വലുപ്പത്തിലേക്കു പോകുന്നു. | നോട്ടിന്റെ ഇടതുവശത്ത് അച്ചടിച്ച വർഷം, സ്വച്ഛഭാരത് ചിഹ്നവും മുദ്രാവാക്യവും, ഭാഷ പട്ടിക, രഥ ചിത്രമുള്ള ഹംപി പ്രതിപാദ്യം, ദേവനാഗരിയിൽ മൂല്യം കാണിക്കുന്ന അക്കം 50 |
| **IV.** ₹ 100 നോട്ടുകൾ | | | | |
| 1967 | 157 x 73 mm | അശോക സ്തംഭം | നീല നിറം. മധ്യത്തിൽ ഉള്ള അക്കം 100 തെളിഞ്ഞു കാണാം. അശോക സ്തംഭം ചിഹ്നം വലതു വശത്ത്. | ഇടതു വശത്ത് 14 ഭാരതീയ ഭാഷകളുള്ള ലംബമായ പാനൽ. പശ്ചാത്തലത്തിൽ ഒരു വൃത്തത്തിൽ ഹിരാക്കുഡ് അണക്കെട്ട്. |
| 1969 | -do- | -do- | നീല നിറം, വാഗ്ദാന വാക്യവും ഗ്യാരന്റി വാക്യവും ഗവർണറുടെ ഒപ്പും ദ്വിഭാഷകളിൽ. | വൃത്താകാര ചട്ടക്കൂടിനകത്ത് സേവാഗ്രാം ആശ്രമത്തിന്റെ പശ്ചാത്തലത്തിൽ ഇരിക്കുന്ന നിലയിൽ മഹാത്മാ ഗാന്ധിയുടെ ചിത്രം. |

| | | | | |
|---|---|---|---|---|
| 1975 | -do- | അശോക ചക്രവും ചർക്കകളും. | ഉയർത്തി അച്ചടി, നീല, തവിട്ടു നിറം പാടല നിറം, ഇരുണ്ട പച്ച എന്നീ വർണ്ണ രാജിയോടുകൂടിയ കടും നീലനിറം. അക്കം 100 ഇരുണ്ട നീല നിറത്തിൽ. വാട്ടർമാർക്ക് ജാലകം നേരിയ നീല നിറത്തിൽ. RBI യുടെ പേര് വാഗ്ദാന/ ഗ്യാരന്റീ വാക്യങ്ങൾ, ഗവർണറുടെ ഒപ്പ് ഇവ ദ്വിഭാഷകളിൽ. ഭാഷാ പട്ടിക ഇടത്തും അശോക സ്തംഭം ചിഹ്നം വലത്തും. മൂലകളിൽ ഒഴികെ അച്ചടി അതിരുകൾ ലംഘിക്കുന്നു . | ഉയർത്തി അച്ചടി, കടുത്ത നീല, തവിട്ടു വർണ്ണത്തിൽ ധാന്യം, കൃഷിപ്പണികൾ, തേയില തോട്ടം, ജല വൈദ്യുത പദ്ധതി. മുഖ വശത്തുള്ള വർണ്ണ ശബളമായ രൂപ മാതൃകയുമായി കൃത്യമായി ചേരുന്ന വിധത്തിൽ . അതുപോലുള്ള ഒരു വർണ്ണ മാതൃകയാൽ വാട്ടർമാർക്ക് ജാലകം വലയം ചെയ്യപ്പെട്ടിരിക്കുന്നു. |
| 1979 | -do- | -do- | ഒരു വശത്ത് ഉയർത്തി അച്ചടി, നീല, ചുവപ്പ്, കടും പച്ച, നേർത്ത ചുവപ്പും മഞ്ഞ കലർന്ന പച്ചയും ഷെയ്ഡ്. सत्यमेव जयते അശോക സ്തംഭം ചിഹ്നത്തിന് താഴെ. | ഡ്രൈ ഓഫ് സെറ്റ്- കറുപ്പും ചുവപ്പു കലർന്ന തവിട്ടു നിറവും പച്ച കലർന്ന നീല തവിട്ടു നിറങ്ങളിൽ ടിന്റ് ഡിസൈൻ. |
| 1996 | -do- | വാട്ടർമാർക്ക് ജാലകത്തിൽ വിവിധ ദിശകളിലുള്ള രേഖകളോടു കൂടി മഹാത്മാ ഗാന്ധി ചിത്രം. | ഉയർത്തി അച്ചടിയും ഓഫ് സെറ്റ് അച്ചടിയും കൂടി ചേർന്നത്. പ്രധാനമായും നീല, ചാര, പച്ച നിറങ്ങൾ ചേർന്നത്. മഹാത്മാ ഗാന്ധി ചിത്രം. ജാലകമുള്ളതും മുൻവശത്ത് ഭാഗികമായി കാണാവുന്നതും പൂർണ്ണമായും അകത്ത് ഉൾക്കൊള്ളിച്ചിട്ടുള്ളതും ആയ സുരക്ഷാ നാര് 'भारत', 'RBI' അക്ഷരങ്ങൾ ഇതിൽ അച്ചടിച്ചിരിക്കുന്നു.<br>കാഴ്ച വൈകല്യം ഉള്ളവരെ സഹായിക്കാനായി ചെറിയ, കറുത്ത, കട്ടിയുള്ള ത്രികോണം വാട്ടർ മാർക്കിന് ഇടതു വശത്തായി ഉയർത്തി അച്ചടിച്ചിരിക്കുന്നു. | കാഞ്ചനഗംഗ പർവത നിരയുടെ വിശാല ദൃശ്യമാണ് പ്രധാന പ്രമേയമായി ചിത്രീകരിച്ചിരിക്കു ന്നത്. പുഷ്പങ്ങളുടെ രൂപ മാതൃകകൾ മുകളിലും കസവു ചിത്രത്തുന്നൽ മാതൃകകൾ വശങ്ങളിലും ചേർത്തിരിക്കുന്നു. നോട്ടിന്റെ മൂല്യം ഇടതു വശത്ത് 15 ഭാഷകളിൽ കൊടുത്തിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2005 | -do- | മഹാത്മാ ഗാന്ധി ചിത്രം, വിവിധ ദിശകളിലേക്കുള്ള വരകൾ. മൂല്യം കുറിക്കുന്ന അക്കം 100നെ കാണിക്കുന്ന ഒരു ഇലക്ട്രോടൈപ്പ് അടയാളം എന്നിവ കാണാം. ഇവ കൂടുതൽ നന്നായി കാണുവാൻ ബാങ്ക് നോട്ടിനെ പ്രകാശത്തിനു എതിരെ പിടിച്ചാൽ മതി. | മെഷീൻ വായന സാധ്യമായ ജാലകത്തോടു കൂടിയ, ലോഹരഹിതമായ ക്ലിയർ ടെക്സ്റ്റ്, കാന്തിക സുരക്ഷാ ചരട്, 'भारत' ഒപ്പം 'RBI' ലിഖിത സഹിതം പരിപൂർണ്ണമായും നിറം മാറുന്ന 100 രൂപ നോട്ടുകൾ. വിവിധ കോണുകളിൽ നോക്കുമ്പോൾ ചരടിന്റെ നിറം പച്ചയിൽ നിന്നും നീലയിലേക്കു മാറുന്നു. യു.വി. ലൈറ്റിൽ പുറകുവശം മഞ്ഞ നിറത്തിൽ പ്രകാശമാനമാകുകയും മുഖവശത്ത് ടെക്സ്റ്റ് പ്രകാശിക്കുകയും ചെയ്യുന്നു.<br>വീതി - 2 mm<br>ബാങ്കിന്റെ ഹിന്ദിയിലും ഇംഗ്ലീഷിലും ഉള്ള പേരിലും, റിസർവ്വ് ബാങ്ക് മുദ്ര, ഗ്യാരന്റി/ വാഗ്ദാന വാക്യങ്ങൾ, അശോക സ്തംഭം ചിഹ്നം (ഇടത്ത്), RBI ഗവർണറുടെ ഒപ്പ് എന്നിവയിലും ഉള്ള ഉയർത്തി അച്ചടി കൂടുതൽ തെളിഞ്ഞു കാണാം. വാട്ടർമാർക്ക് ജാലകത്തിന്റെ ഇടതു വശത്ത് കൂടുതൽ ആഴത്തിൽ പതിപ്പിച്ചിട്ടുള്ള ഉയർത്തി അച്ചടിച്ചിട്ടുള്ള ഒരു ത്രികോണം കാഴ്ച വൈകല്യമുള്ളവർക്ക് നോട്ടിന്റെ മൂല്യം തിരിച്ചറിയുവാൻ സഹായകമാണ്. ഒപ്റ്റിക്കൽ ഫൈബറുകൾ ദ്വിവർണ്ണങ്ങളിലാണ്. വാട്ടർമാർക്ക് ജാലകത്തിന് അടുത്തായിട്ടുള്ള ലംബമായ നാടയുടെ മധ്യഭാഗത്ത് ബാങ്ക് നോട്ടിന്റെ മുഖവശത്തും പിൻവശത്തും ഉയർത്തി അച്ചടിച്ചിട്ടുള്ള ചെറിയ പുഷ്പരൂപ മാതൃകകളുടെ പിൻഭാഗങ്ങൾ വെളിച്ചത്തിൽ അക്കം ഒന്നാണെന്ന് തോന്നും വിധം പൂർണ്ണമായും ചേർന്നിരിക്കുന്നു. | അച്ചടിച്ച വർഷം അച്ചടിഘട്ടത്തിൽ ബാങ്ക് നോട്ടിന്റെ മറുഭാഗത്ത് ചേർത്തിരിക്കുന്നു. |

| | | | | |
|---|---|---|---|---|
| 2011 | -do- | -do- | -do-<br>കൂടാതെ, ₹ ചിഹ്നം ബാങ്ക് നോട്ടിന്റെ മുഖവശത്ത് മുകളിൽ ഇടതും വലതും മൂലകളിൽ (മൂല്യാങ്കന അക്കത്തോടൊപ്പം) അച്ചടിച്ച് തുടങ്ങി. | ബാങ്ക് നോട്ട് അച്ചടിച്ച വർഷം തുടർന്നും പുറകു വശത്ത് ഉണ്ടാകും. കൂടാതെ, ₹ ചിഹ്നം ബാങ്ക് നോട്ടിന്റെ മറുവശത്ത് മുകളിൽ ഇടതും വലതും മൂലകളിൽ (മൂല്യാങ്കന അക്കത്തോടൊപ്പം) അച്ചടിക്കാൻ തുടങ്ങി. |
| 2015 | -do- | -do- | -do-<br>ഇത് കൂടാതെ രണ്ടു നമ്പർ പാനലുകളിലെയും അക്കങ്ങൾ വലുപ്പത്തിൽ ഇടത്തുനിന്നു വലത്തേക്ക് ആരോഹണ ക്രമത്തിലായിരിക്കും. എന്നാൽ ആദ്യ മൂന്ന് ആൽഫാ ന്യൂമെറിക് ക്യാരക്ടറുകളുടെ (ഉപസർഗ്ഗം) വലുപ്പത്തിൽ വ്യത്യാസം ഉണ്ടാകില്ല. ഇതിനു പുറമെ കാഴ്ച വൈകല്യം ഉള്ളവർക്ക് എളുപ്പം തിരിച്ചറിയുന്നതിനുള്ള അടയാളങ്ങളായി നാല് ചരിഞ്ഞ ബ്ലീഡ് രേഖകൾ വീതം നോട്ടിന്റെ മുഖവശത്ത് ഇടതും വലതും വശങ്ങളിൽ അച്ചടിച്ചിട്ടുണ്ട്. തിരിച്ചറിയൽ | -do- |
| 2018 | 66 x 142 mm | മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (100) വാട്ടർമാർക്കുകളും ഉള്ള ₹ 100 മൂല്യമുള്ള മഹാത്മാ ഗാന്ധി (പുതിയ) പരമ്പരയിലെ ബാങ്ക് നോട്ടുകൾ | മൂല്യം കാണിക്കുന്ന അക്കം 100 സഹിതമുള്ള 'സീ ത്രൂ രെജിസ്റ്റർ', ലീനമായ പ്രതിച്ഛായ, മൂല്യാങ്കന അക്കം 100 സഹിതം. അക്കം 100 ദേവനാഗരിയിൽ. മഹാത്മാ ഗാന്ധിയുടെ ചിത്രം മദ്ധ്യത്തിൽ സൂക്ഷ്മ അക്ഷരങ്ങൾ 'RBI' 'भारत' 'India' ഒപ്പം '100'. ജാലകത്തോടുകൂടിയ നിറം മാറുന്ന സുരക്ഷാ ചരടിലെ ലിഖിതങ്ങൾ 'भारत' 'RBI'. നോട്ട് വശത്തേക്ക് ചരിക്കുമ്പോൾ അതിന്റെ നിറം പച്ചയിൽ നിന്നും നീലയായി മാറുന്നു. ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടിയ ഗവർണറുടെ ഒപ്പ്, റിസർവ്വ് ബാങ്ക് ചിഹ്നം എന്നിവ മഹാത്മാ ഗാന്ധി ചിത്രത്തിന്റെ വലതു | നോട്ട് അച്ചടിച്ച വർഷം ഇടതു വശത്ത്. സ്വച്ഛഭാരത് ചിഹ്നം മുദ്രാവാക്യ സഹിതം. ഭാഷാ പട്ടിക. പ്രധാന പ്രതിപാദ്യം RANI KI VAV . മൂല്യം കുറിയ്ക്കുന്ന അക്കം 100 ദേവനാഗരിയിൽ |

| | | | | |
|---|---|---|---|---|
| | | | വശത്ത്. അശോക സ്തംഭ ചിഹ്നം വലതു വശത്ത്. മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പും (100) ഉള്ള വാട്ടർമാർക്കുകൾ. നമ്പർ പാനൽ ആരോഹണ ക്രമത്തിലുള്ള ഫോണ്ടോടു കൂടിയ അക്കങ്ങൾ സഹിതം മുകളിൽ ഇടതു വശത്തും താഴെ വലതു വശത്തും. കാഴ്ച വൈകല്യമുള്ളവർക്ക് മഹാത്മാ ഗാന്ധിയുടെ ഉയർത്തി അച്ചടിച്ച ചിത്രം, അശോക സ്തംഭം ചിഹ്നം. മൈക്രോ ടെക്സ്റ്റ് സഹിതമുള്ള ഉയർത്തി അച്ചടിച്ച ത്രികോണ തിരിച്ചറിയൽ അടയാളം. ഇടതും വലതും വശങ്ങളിൽ നാല് ചരിഞ്ഞ ബ്ലീഡ് ലൈനുകൾ വീതം. | |
| **V.** ₹ 200 നോട്ടുകൾ - മഹാത്മാ ഗാന്ധി (പുതിയ) പരമ്പര | | | | |
| 2017 | 66 mm x 146 mm | മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (200) വാട്ടർമാർക്കും ഉള്ള ₹ 200 മൂല്യത്തിലുള്ള മഹാത്മാ ഗാന്ധി (പുതിയ) പരമ്പര) ബാങ്ക് നോട്ടുകൾ | നോട്ടിന്റെ അടിസ്ഥാന നിറം തിളങ്ങുന്ന മഞ്ഞ. നോട്ടിന്റെ മുഖ വശത്തും മറു വശത്തും നോട്ടിലുള്ള മറ്റു രൂപ മാതൃകകൾ, ജ്യാമിതീയ മാതൃകകൾ എന്നിവ മൊത്തത്തിലുള്ള വർണ്ണ പദ്ധതിയുമായി പൊരുത്തപ്പെടുന്നു. മൂല്യം കുറിക്കുന്ന അക്കം 200 സഹിതമുള്ള 'സീ ത്രൂ രെജിസ്റ്റർ', ലീനമായ പ്രതിബിംബത്തിൽ അക്കം 200 ദേവനാഗരിയിൽ. മൂല്യ സൂചക അക്കം 200. മഹാത്മാ ഗാന്ധിയുടെ ചിത്രം മദ്ധ്യത്തിൽ. സൂക്ഷ്മ അക്ഷരങ്ങൾ 'RBI', 'भारत', 'INDIA', '200' - നിറം മാറുന്ന 'भारत', 'RBI' ലിഖിതങ്ങൾ സഹിതമുള്ള, ജാലകത്തോടുകൂടിയ സുരക്ഷാ ചരട്, നോട്ട് ചരിച്ചു പിടിക്കുമ്പോൾ ചരടിന്റെ നിറം പച്ചയിൽനിന്നും നീല ആകുന്നു. ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടി ഗവർണ്ണറുടെ ഒപ്പ്, റിസർവ്വ് ബാങ്ക് ചിഹ്നം ഇവ മഹാത്മാ ഗാന്ധി ചിത്രത്തിന് വലതു വശത്ത്. മൂല്യം സൂചിപ്പി ക്കുന്ന | രാജ്യത്തിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചോതിക്കൊണ്ട് മുഖ്യ പ്രതിപാദ്യമായ സാഞ്ചി സ്തൂപം മറു വശത്ത്. നോട്ട് അച്ചടിച്ച വർഷം ഇടതു വശത്ത്. സ്വച്ഛഭാരത് ചിഹ്നം മുദ്രാവാക്യ സഹിതം. ഭാഷാ പട്ടിക. മൂല്യം കാണിക്കുന്ന അക്കം 200 ദേവനാഗരിയിൽ |

| | | | | |
|---|---|---|---|---|
| | | | അക്കം രൂപ അടയാള ത്തോടുകൂടി. ₹ 200 നിറം മാറുന്ന മഷിയിൽ (പച്ചയിൽ നിന്നും നീലയിലേക്ക്) താഴെ വലതു വശത്ത്. അശോക സ്തംഭം ചിഹ്നം വലതു വശത്ത്. മുകളിൽ ഇടതു വശത്തും താഴെ വലതു വശത്തും ഉള്ള നമ്പർ പാനലുകളിലെ അക്കങ്ങൾ ചെറുതിൽനിന്നും വലുതിലേക്കു വളരുന്നു. കാഴ്ച വൈകല്യ മുള്ളവർക്ക് മഹാത്മാ ഗാന്ധി ചിത്രം, അശോക സ്തംഭം ചിഹ്നം ഇവ ഉയർത്തി അച്ചടിച്ചിരിക്കുന്നു. തിരിച്ചറിയൽ അടയാളം H സൂക്ഷ്മ അക്കം ₹ 200 സഹിതം. നാല് ചരിഞ്ഞ ബ്ലീഡ് ലൈനുകൾ വീതം വലതും ഇടതും വശങ്ങളിൽ. ഈ ലൈനുകൾക്കിടയിൽ ഇടത്തും വലത്തും രണ്ടു വൃത്തങ്ങൾ വീതം | |
| VI. ₹ 500 നോട്ടുകൾ - മഹാത്മാ ഗാന്ധി (പുതിയ) പരമ്പര | | | | |
| 2016 | 66 mm x 150 mm | മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (500) വാട്ടർമാർക്കും | മഹാത്മാ ഗാന്ധി (പുതിയ) പരമ്പരയിൽ ഇറക്കിയിട്ടുള്ള പുതിയ ₹ 500 ബാങ്ക് നോട്ടുകൾ നിറത്തിലും, വലുപ്പത്തിലും, പ്രമേയത്തിലും സുരക്ഷാ സവിശേഷതകളുടെ സ്ഥാനത്തിന്റെ കാര്യത്തിലും. രൂപരേഖയുടെ ഘടകങ്ങളുടെ കാര്യത്തിലും മുൻപുള്ള നിർദിഷ്ട ബാങ്ക് നോട്ട് (SBN) പരമ്പരയിൽനിന്നും വിഭിന്നമാണ്. ഈ നോട്ടിന്റെ നിറം സ്റ്റോൺ ഗ്രേ ആണ്. മഹാത്മാ ഗാന്ധി ചിത്രത്തിന്റെ ആപേക്ഷിക സ്ഥാനത്തിന് മാറ്റം വന്നിട്ടുണ്ട്. കാഴ്ച പരിമിതി ഉള്ളവർക്ക് നോട്ടിന്റെ മൂല്യം തിരിച്ചറിയുന്നതിനുള്ള സവിശേഷതകൾ (മഹാത്മാ ഗാന്ധി ചിത്രം, അശോക സ്തംഭം ചിഹ്നം, ബ്ലീഡ് വരകൾ, വലതു വശത്ത് 500 എഴുതിയിട്ടുള്ള വൃത്തം ഒപ്പം തിരിച്ചറിയൽ | പുതിയ പ്രമേയമായി കൊടുത്തിട്ടുള്ളത് ഭാരതീയ പൈതൃക സ്ഥാനമായ ചെങ്കോട്ടയും ഇന്ത്യയുടെ ദേശീയ പതാകയുമാണ്. സ്വച്ഛ ഭാരത് ചിഹ്നവും അച്ചടിച്ച വർഷം '2016 '- ഉം മറുപുറത്ത് അച്ചടിച്ചിട്ടുണ്ട്. 15 ഭാഷാ പട്ടിക ഏകദേശം മദ്ധ്യത്ത് കാണുന്നു. |

| | | | | |
|---|---|---|---|---|
| | | | അടയാളം എന്നിവയുടെ ഉയർത്തി അച്ചടി) ഇതിലുണ്ട്. | |
| VI. ₹ 2000 നോട്ടുകൾ - മഹാത്മാ ഗാന്ധി (പുതിയ) പരമ്പര | | | | |
| 2016 | 66mm x 166 mm | മഹാത്മാ ഗാന്ധി ചിത്രവും ഇലക്ട്രോ ടൈപ്പ് (2000) വാട്ടർ മാർക്കുകളും | മഹാത്മാ ഗാന്ധി (പുതിയ) പരമ്പരയിൽ പുറത്തിറക്കിയത്. നോട്ടിന്റെ അടിസ്ഥാന നിറം ധൂമ്ര വർണ്ണം. ആകെയുള്ള വർണ്ണ പദ്ധതിയുമായി പൊരുത്തപ്പെടുന്ന മറ്റു രൂപ മാതൃകകൾ, ജ്യാമിതീയ രൂപങ്ങൾ എന്നിവ നോട്ടിന്റെ മുഖവശത്തും മറുവശത്തും ഉണ്ട്.<br>മുഖ്യ സവിശേഷതകൾ:<br>1. മൂല്യം കാണിക്കുന്ന അക്കം 2000 ഉള്ള 'സീ ത്രൂ രജിസ്റ്റർ'<br>2. മൂല്യത്തിന്റെ അക്കം 2000 ഉള്ള ലീനമായ പ്രതിഛായയോടു കൂടിയത്<br>3. മൂല്യത്തിന്റെ അക്കം 2000 ദേവനാഗരിയിൽ<br>4. മദ്ധ്യത്തിൽ മഹാത്മാ ഗാന്ധിയുടെ ചിത്രം.<br>5. ബാങ്ക് നോട്ടിന്റെ ഇടതുവശത്ത് സൂക്ഷ്മ അക്ഷരങ്ങൾ 'RBI' യും '2000' വും.<br>6. ജാലകത്തോടുകൂടിയ നിറം മാറുന്ന സുരക്ഷാ ചരടിൽ 'भारत', RBI, 2000 ലിഖിതങ്ങൾ. ചരടിന്റെ നിറം, നോട്ട് ചരിച്ചു നോക്കുമ്പോൾ, പച്ചയിൽ നിന്നും നീലയായി മാറുന്നു.<br>7. ഗ്യാരന്റി വാക്യം, വാഗ്ദാന വാക്യത്തോടുകൂടിയുള്ള ഗവർണ്ണറുടെ ഒപ്പ്, RBI ചിഹ്നം എന്നിവ ഏതാണ്ട് വലതു വശത്ത്.<br>8. താഴെ വലതു ഭാഗത്ത് മൂല്യം കാണിക്കുന്ന രൂപയുടെ ചിഹ്നത്തോടു കൂടിയുള്ള അക്കം ₹ 2000 നിറം മാറുന്ന മഷിയിൽ (പച്ചയിൽ നിന്നും നിലയിലേക്ക്) അച്ചടിച്ചിരിക്കുന്നു.<br>9. അശോക സ്തംഭം ചിഹ്നം, മഹാത്മാ ഗാന്ധി ചിത്രം, ഇലക്ട്രോ ടൈപ്പ് (2000) വാട്ടർമാർക്കുകളുടെ വലതു വശത്ത് | പ്രധാന സവിശേഷതകൾ:<br>1. നോട്ട് അച്ചടിച്ച വർഷം ഇടതു വശത്ത്.<br>2.മുദ്രാവാക്യത്തോ ടുകൂടി സ്വച്ഛ ഭാരത് ചിഹ്നം.<br>3. ഏകദേശം മദ്ധ്യത്തോടടുത്തു പോകുന്ന ഭാഷാ പട്ടിക.<br>4. ഗ്രഹാന്തര ശൂന്യാകാശത്തേയ്ക്കുള്ള രാജ്യത്തിന്റെ ആദ്യ സംരംഭം ആയ മംഗൾയാൻ പ്രധാന പ്രതിപാദ്യം ആയി ചിത്രികരിച്ചിരിക്കുന്നു .<br>5. മൂല്യം കാണിക്കുന്ന അക്കങ്ങൾ 2000 ദേവനാഗരിയിൽ |

| | | | | |
|---|---|---|---|---|
| | | | 10. മുകളിൽ ഇടത്തും താഴെ വലത്തും ഉള്ള നമ്പർ പാനലുകളിലെ അക്കങ്ങളുടെ വലുപ്പം ഇടത്തുനിന്നും വലത്തോട്ട് ആരോഹണക്രമത്തിൽ കൂടുന്നു. കാഴ്ച പരിമിതിയുള്ളവർക്കായി മഹാത്മാ ഗാന്ധി ചിത്രവും അശോക സ്തംഭം ചിഹ്നവും, അറ്റങ്ങളിലേക്ക് കടന്നുകയറുന്ന രേഖകളും (ബ്ലീഡ് ലൈൻസ്) തിരിച്ചറിയൽ അടയാളവും ഉയർത്തി അച്ചടിച്ചിരിക്കുന്നു.<br>11. വലതു വശത്ത് ₹ 2000 അച്ചടിച്ചിട്ടുള്ള തിരശ്ചീനമായ ദീർഘചതുരം ഉയർത്തി അച്ചടിച്ചിരിക്കുന്നു.<br>12. ഇടതു വലതു വശങ്ങളിൽ ചരിഞ്ഞ ഏഴു വീതം ബ്ലീഡ് ലൈനുകൾ. | |

**അനുബന്ധം VIII**

## ഈ മുഖ്യ സർക്കുലറിൽ ഉൾക്കൊള്ളിച്ചിട്ടുള്ള സർക്കുലറുകളുടെ പട്ടിക

| ക്രമ നം | സർക്കുലർ നം | തീയതി | വിഷയം | മുഖ്യ സർക്കുലറിലെ ഖണ്ഡിക |
|---|---|---|---|---|
| 1 | DCM FNVD G 16/16.01.01/2003-04 | 18-12-2003 | ATM ൽ കൂടിയുള്ള വ്യാജ നോട്ടുകൾ | 6 |
| 2 | DCM FNVD G 31/16.01.01/2003-04 | 08-04-2004 | വ്യാജ നോട്ടുകൾ കണ്ടെത്തൽ- രസീത് നൽകൽ | 4 |
| 3 | DCM FNVD G 3/16.02.03/2004-05 | 06-07-2004 | വ്യാജ നോട്ടുകൾ കണ്ടെത്തൽ- രസീത് നൽകൽ | 4 |
| 4 | DCM FNVD G 23/16.01.01/2005-06 | 07-12-2005 | വ്യാജ നോട്ടുകൾ- FNVC രൂപീകരണം | 6, 8 |
| 5 | DCM FNVD G 37/16.08.08/2006-07 | 28-03-2006 | ATM ൽ കൂടിയുള്ള വ്യാജ നോട്ടുകൾ കണ്ടെത്തൽ | 6, 8 |
| 6 | DCM FNVD G 18/16.08.08/2006-07 | 01-06-2007 | കറൻസി ചെസ്റ്റിൽ വ്യാജ നോട്ടുകൾ കണ്ടെത്തൽ | 6 |
| 7 | DCMNo.Dir.NPD.3158/09.39.00/2009-10 | 19-11-2009 | നോട്ട് തരം തിരിയ്ക്കൽ - യന്ത്രങ്ങൾ സ്ഥാപിക്കുന്നു. | 6 |
| 8 | DCM.No.Cir.NPD.3161/09.39.00 (Policy) /2009-2010 | 19-11-2009 | നോട്ട് തരം തിരിയ്ക്കൽ - യന്ത്രങ്ങൾ സ്ഥാപിക്കുന്നു | 9 |
| 9 | CM(R&D)No.G-26/18.00.14/2009-10 | 11-05-2010 | നോട്ട് പ്രാമാണീകരിയ്ക്കൽ, ക്ഷമത, തരം തിരിക്കൽ മാനദണ്ഡങ്ങൾ | 9 |
| 10 | DCMFNVD No.502/16.01.05/2011-12 | 25-07-2011 | വ്യാജ നോട്ടുകൾ കണ്ടെത്തൽ- പരിഷ്കരിച്ച രീതി | 5 |
| 11 | DCM(FNV)No.5063/16.02.22/2011-12 | 09-05-2012 | വ്യാജ നോട്ടുകൾ കണ്ടെത്തലും റിപ്പോർട്ടിങ്ങും - ധന നയം 2012 | 13 |
| 12 | DCMFNVD No.2165/16.21.005/2012-13 | 16-11-2012 | വ്യാജ നോട്ടുകൾ കണ്ടെത്തലും റിപ്പോർട്ടിങ്ങും - ധന നയം 2012 -രണ്ടാം പാദ അവലോകനം | 6 |
| 13 | DCMFNVD No.776/16.01.05/2015-16 | 27-08-2015 | വ്യാജ നോട്ടുകൾ കണ്ടെത്തൽ- അവലോകനം | 2 |
| 14 | DCM FNVD No.1134/16.01.05/2016-17 | 27-10-2016 | വ്യാജ നോട്ടുകൾ കണ്ടെത്തലും പിടിച്ചെടുക്കലും | 5 |
| 15 | DCM (FNVD) G-7/16.01.05/17-18 | 15-01-2018 | വ്യാജനോട്ടുകൾ കണ്ടെത്തലും പിടിച്ചെടുക്കലും- FIR ഫയൽ ചെയ്യുന്നു | 5 |
| 16 | DPSS.CO.OD.No.1916/06.07.011/2018-19 | 07-03-2019 | വൈറ്റ് ലേബൽ ATM- മാർഗനിർദ്ദേശങ്ങൾ അവലോകനം ചെയ്യുന്നു. | 6 |